കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/2046/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

ഫോൺ: 0497 2707698

ഇ-മെയിൽ: doknr.ksad@kerala.gov.in

തീയ്യതി : 16.01.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത്

സർ.

വിഷയം : മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

--------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ്

നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഏയിംസിൽ)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ-മെയിൽ വഴി)

3.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/2046/2018 തീയ്യതി: 16.01.2019

# കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ആമുഖം

കണ്ണൂർ ജില്ലയിലെ മാണ്ടാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് 20-6-2017 മുതൽ 12-11-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ശശികുമാർ എം.പി. ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 13-11-2018 മുതൽ 29-11-2018 വരെ | ശ്രീ. എം.ബാബുരാജ് | ഓഡിറ്റ് ഓഫിസർ |
| | ശ്രീ. രമേശൻ കരോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. വിപിന വൽസരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. പ്രസീത കെ | 1-4-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ രാജേഷ് കുമാർ.ടി | 1-4-2017 മുതൽ 31-3-2018 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മുഹമ്മദ് റഫീഖ് | 1-4-17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ദിലീഷ് കെ | 1-4-2017 മുതൽ 02-10-2017 വരെ |
| | ശ്രീ.കെ.ടി.പ്രണാം | 03-10-2017 മുതൽ 31-3-2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. പ്രമോദ് എൻ.കെ. | 1-4-2017 മുതൽ 20-08-2017വരെ |
| | ശ്രീമതി.മീര യു.എൻ | 21-08-2017 മുതൽ 31-3-2018വരെ |
| വി.ഇ.ഒ. | ശ്രീ. ശ്രീജൻ പാലയാടന്റവിട | 1-4-2017 മുതൽ 06-10-17വരെ |
| | ശ്രീ. വിപിൻദാസ് | 07-10-2017 മുതൽ 31-3-2018വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ. സൽമത്ത് കെ.ടി | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ GAD | ഡോ. ലെവിത | 1-4-2017 മുതൽ 31-7-2017 വരെ |
| | ഡോ. ജഷി ദിനകരൻ | 01-08-2017 മുതൽ 31-3-2018 വരെ |
| വെറ്റിനറി സർജൻ | ഡോ. ആഷ.കെ.പി | 1-4-2017 മുതൽ 31-3-18 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. പ്രീത പി.എം | 1-4-2017 മുതൽ 09-10-17 വരെ |
| | ശ്രീമതി നന്ദിനി കെ | 10-10-2017 മുതൽ 31-3-18 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി സുശീല ടി.ജി | 1-4-2017 മുതൽ 31-3-2018 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-1 |

| | | |
|---|---|---|
| 14 | സ്ഥലം മാറിപ്പോയ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-2 |
| 15 | ഡി&ഒ ലൈസൻസ് അനുവദിച്ചത് ആവശ്യമായ അനുമതി പത്രങ്ങളില്ലാതെ | 2-3 |
| 16 | വിറ്റ് വരവ് രേഖപ്പെടുത്താത്ത അപേക്ഷകളിലും അന്വേഷണറിപ്പോർട്ടില്ലാതെ ഡി&ഒ ഫീ നിർണ്ണയിക്കുന്നു. | 2-4 |
| 17 | ലൈസൻസ് എടുക്കുന്നതിൽ കാലതാമസം - വൈകി കിട്ടുന്ന അപേക്ഷകളിൽ ചട്ടപ്രകാരമുള്ള പിഴ ഈടാക്കുന്നില്ല. | 2-5 |
| 18 | ഡി&ഒ ലൈസൻസ് -ഭേദഗതിചട്ടപ്രകാരമുള്ള ഭേദഗതി ഫീസ് ഈടാക്കുന്നില്ല | 2-6 |
| 19 | റേഷൻ കടകൾക്ക് ഫീസ് ഈടാക്കി ലൈസൻസ് നൽകേണ്ടതാണ് | 2-7 |
| 20 | കോഴിഫാമുകൾക്ക് പൗൾട്രി ഫാം ലൈസൻസ് നൽകുന്നില്ല | 2-8 |
| 21 | സേവനഉപനികുതി ഈടാക്കുന്നില്ല | 2-9 |
| 22 | ടെണ്ടർ ഫോറം വില ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല. | 2-10 |
| ഭാഗം 3 | | |
| ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 23 | ജീവനക്കാരുടെ സേവന പുസ്തകങ്ങൾ -ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല | 3-1 |
| 24 | യാത്രാബത്ത - പ്രതിമാസ പരിധി പാലിക്കുന്നില്ല | 3-2 |
| 25 | ആശ്രയ ഭവന നിർമാണം പൂർത്തിയാക്കിയില്ല | 3-3 |

| | | |
|---|---|---|
| 26 | ലൈൻ വലിക്കൽ പ്രവൃത്തി പൂർത്തീകരിക്കാത്തത് | 3-4 |
| 27 | പ്രവൃത്തി പൂർത്തിയാക്കുന്നതിലെ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല | 3-5 |
| 28 | ഒഴിഞ്ഞ വീപ്പയുടെ വില ഈടാക്കി തനത് ഫണ്ടിൽ ഒടുക്കിയത് -അപാകങ്ങൾ- | 3-6 |
| 29 | വനിതകൾക്ക് ആട് വിതരണം -- ജില്ലാ സാങ്കേതിക വിദഗ്ദ സമിതി നിർണ്ണയിച്ച യൂണിറ്റ് കോസ്റ്റിലും അധികം അനുവദിച്ചു-- അധികം നൽകിയ ₹ 75000 നിരാകരിക്കുന്നു | 3-7 |
| 30 | കറവപ്പശു വിതരണം -- ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് സബ്സിഡി അനുവദിച്ചു ചെലവ് തുക ₹25000 നിരാകരിക്കുന്നു | 3-8 |
| 31 | കന്നുകുട്ടി പരിപാലനം - വിനിയോഗ പത്രം ഹാജരാക്കിയില്ല | 3-9 |
| 32 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം – സ്റ്റോക്ക് വിവരം, വിതരണ രജിസ്ററർ, എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല. | 3-10 |
| 33 | പ്ലാസ്റ്റിക് മാലിന്യ ശേഖരണ പരിപാടി- നടത്തിപ്പിലെ അപാകങ്ങൾ ചെലവ് തുക ₹64200 തടസ്സപ്പെടുത്തുന്നു. | 3-11 |
| 34 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല. | 3-12 |
| 35 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്-ഗുണഭോക്താക്കളെ ഗ്രാമസഭ, ഭരണസമിതി എന്നിവ അംഗീകരിച്ചിട്ടില്ല | 3-13 |
| 36 | ഗ്രന്ഥശാല ,വായനശാല എന്നിവയ്ക്ക് പത്രമാസികകൾ നൽകൽ - അപാകങ്ങൾ | 3-14 |

| | | |
|---|---|---|
| 37 | വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം - പ്രൊജക്റ്റ് പൂർത്തിയാകുന്നതിന് മുമ്പേ മുഴുവൻ തുകയും നൽകി- ചെലവ് തുക ₹1,80,000 തടസ്സപ്പെടുത്തുന്നു. | 3-15 |
| 38 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ മുഴുവനായും ലഭ്യമായില്ല. | 3-16 |
| 39 | ആശുപത്രിയിലേക്ക് മരുന്ന് ,ഉപകരണങ്ങൾ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-17 |
| ഭാഗം 4.<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 40 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 41 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 43 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 44 | സ്ഥിര നിക്ഷേപം | 4-5 |
| 45 | ഓഡിറ്റ് റിക്കവറി | 4-6 |
| 46 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 47 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയതുകയുടെ വിവരം | 4-8 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| അനുബന്ധങ്ങൾ | | |
|---|---|---|
| 50 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 51 | റസീറ്റ് & പെയ്മെന്റ് സ്റ്റേയിറ്റ്മെന്റ് | അനുബന്ധം-2-1 |
| 52 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേയിറ്റ്മെന്റ് | അനുബന്ധം-2-2 |
| 53 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

24-03-17 തീയതിയിലെ 39/17തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 06-03-2018തീയതിയിലെ 41/18തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| തീരുമാനം നമ്പർ, തീയ്യതി | 39/17 24.3.2017 | 41/18 06.03.2018 |
| മുന്നിരിപ്പ് | 11201355 | 16595994 |
| വരവ് | 241425100 | 267832410 |
| ആകെ | 252626455 | 284428404 |
| ചെലവ് | 235919900 | 264750467 |
| നീക്കിയിരിപ്പ് | 16706555 | 19677937 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/18 | 16/05/18 | തിരിച്ചയച്ചിട്ടില്ല | -------- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 22-06-18 ,23-06-18 | കെ.എസ്.എ.കെ.എൻ.ആർ /സി8/1241/2018 തീ 31-07-18 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16595994 |
| വരവ് | 80671489 |
| ആകെ | 97267483 |
| ചെലവ് | 77930773 |
| നീക്കിയിരിപ്പ് | 19336710 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 15758000 | 15758000 | 15758000 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 1160291 | 1160291 | 1160291 | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 17992 | 17992 | 17992 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 14276000 | 14276000 | 14135391 | 140609 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3860000 | 3860000 | 3812055 | 47945 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 12079422 | 12079422 | 10156597 | 1922825 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 1557952 | 1557952 | 1482713 | 75239 |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | 1337 | 61 | 1398 | | 1398 |
| ദുരിതാശ്വാസനിധി | | 21184 | 16930 | 38114 | | 38114 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 13176600 | 13176600 | 13176600 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 997 | 969021 | 970018 | 968359 | 1659 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | അനുപൂരക പോഷകാഹാരം | 1403307 | 996089 | 2399396 | 1398488 | 1000908 |
| | റർബൻ | | 8818055 | 8818055 | 8755860 | 62195 |
| | പൈക്ക | 50851 | - | - | - | 50851 |
| | എം.പി ഫണ്ട് | 5743 | 217 | 5960 | - | 5960 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | - | 1368372 | 1368372 | 1225000 | 143372 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1105000 | 1105000 | 1105000 | |
| | ജില്ലാ പഞ്ചായത്ത് | 0 | 1000000 | 1000000 | 599733 | 400267 |
| ബി ഫണ്ട് | | | 564100 | 564100 | 564100 | |
| ജനറൽ പർപ്പസ് ഗ്രാന്റ്(ട്രഷറി അക്കൗണ്ട്) | | | 11265000 | 11265000 | | |

| | | | | | | |
|---|---|---|---|---|---|---|
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 8038206 | 10421853 | 18460059 | 5952342 | 12507717 |
| | ട്രഷറി അക്കൗണ്ട് | 7376696 | 15823710 | 23200406 | 17846631 | 5353775 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 165 | 73787164 | 100 | 55387242 | 44 | 21 | 60 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

പ്രോജക്ടുകൾ തയ്യാറാക്കൽ - സർക്കാർ നിർദ്ദേശിച്ച മുൻഗണനകൾ പാലിക്കപ്പെടേണ്ടതാണ്.

പതിമൂന്നാം പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യങ്ങളായി സർക്കാർ പ്രഖ്യാപിച്ചത് പരിസ്ഥിതിരക്ഷ ഉറപ്പാക്കുന്നതും സാമൂഹ്യനീതിമുറുകെ പിടിക്കുന്നതുമായ വളർച്ചയായിരുന്നു. സർക്കാർ പ്രഖ്യാപിച്ച നവകേരള പദ്ധതിയുടെ ഭാഗമായ 4 മിഷനുകളുമായി സംയോജിപ്പിച്ച് വാർഷിക പദ്ധതികൾ തയ്യാറാക്കണമെന്നും സർക്കാർ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരുന്നു. എന്നാൽ ഇത്തരമൊരു ശ്രദ്ധയും ഊന്നലും പദ്ധതി രൂപീകരണത്തിൽ ചെലുത്തിയതായി കാണുന്നില്ല. അംഗീകരിച്ച പ്രോജക്ടുകളിൽ മിക്കവയും സാമ്പ്രദായിക പ്രോജക്ടുകളാണ്. ഉദാഹരണമായി കാർഷിക മേഖലയിലെ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ മണ്ണ്/ജലസംരക്ഷണം, പരിസ്ഥിതിസംരക്ഷണം, നീർത്തട പരിപാലനം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടതായി കാണുന്നില്ല. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമാണമാണ് മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രധാന പ്രവർത്തനം. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സർക്കാർ പ്രഖ്യാപിച്ച പൊതു ലക്ഷ്യങ്ങൾക്ക് നിരക്കുന്ന രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

സ്റ്റാന്റിങ്ങ് കമ്മറ്റികൾ

സ്റ്റാന്റിങ്ങ് കമ്മിറ്റികൾ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്നു വരുന്നുണ്ട്. ബന്ധപ്പെട്ട വിഷയങ്ങൾ അതത് സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ചർച്ച നടത്തി തീരുമാനങ്ങൾ എടുത്തു വരുകയും ചെയ്യുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ

അതത് വിഷയങ്ങളിൽ പഞ്ചായത്തിനെ ബാധിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്ത് അഭിപ്രായ രൂപീകരണം നടത്തി പ്രോജക്ട് നിർദ്ദേശങ്ങൾ മുൻഗണന നിശ്ചയിച്ച് ഗ്രാമപഞ്ചായത്തിന്റെ പരിഗണനക്ക് നൽകുക എന്ന സുപ്രധാന ചുമതലയാണ് ആസൂത്രണ പ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കുന്നത്. എന്നാൽ അർഹിക്കുന്ന ഗൗരവത്തോടെ ഈ പ്രക്രിയ നിർവ്വഹിക്കപ്പെടുന്നതായി കാണുന്നില്ല. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേർന്നിട്ടുണ്ടെങ്കിലും ചില യോഗങ്ങളിലെങ്കിലും തീരുമാനങ്ങളോ നിർദ്ദേശങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. ( ഉദാഹരണം: പ്രാദേശിക സാമ്പത്തിക വികസനം, കുടിവെള്ളം - ശുചിത്വം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ 10.03.2018 തീയതിയിലെ യോഗം). പദ്ധതി നിർവ്വഹണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ഇടപെടൽ കുറെ കൂടി കാര്യക്ഷമമാകേണ്ടതുണ്ട്.

സ്റ്റിയറിംഗ് കമ്മിറ്റി

സ്റ്റിയറിംഗ് കമ്മിറ്റി യോഗങ്ങൾ പ്രതിമാസം ഒന്ന് എന്ന നിലയിൽ വിളിച്ചു ചേർത്തു വരുന്നുണ്ട്. എന്നാൽ സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ ചുമതലകൾ മോണിറ്റർ ചെയ്യുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന, നിയമം അനുശാസിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്ന രീതിയിലേക്ക് സ്റ്റിയറിങ്ങ് കമ്മിറ്റി ഉയർന്നതായി കാണുന്നില്ല. ചില യോഗങ്ങളുടെയെങ്കിലും തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റിയറിങ്ങ് കമ്മിറ്റിയുടെ പ്രവർത്തനം കുറെ കൂടി മെച്ചപ്പെടൽ ആവശ്യപ്പെടുന്നുണ്ട്.

മോണിറ്ററിങ്ങ് ഫലപ്രദമല്ല

പദ്ധതികൾ തൃപ്തികരമായി പൂർത്തീകരിക്കുന്നതിന് ഫലപ്രദമായ മോണിറ്ററിങ്ങ് അനിവാര്യമാണ്. സർക്കാർമാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രോജക്ട് മോണിറ്ററിങ്ങ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ മോണിറ്ററിങ്ങ് സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. നിർവ്വഹണോദ്യോഗസ്ഥൻ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യവും കൈവരിച്ച നേട്ടങ്ങളും വിശദമാക്കുന്ന പ്രോജക്ട് പൂർത്തീകരണ പത്രം തയ്യാറാക്കുന്നതായി കാണുന്നില്ല. പദ്ധതി നടത്തിപ്പിന്റെ സുതാര്യതയും ഫലപ്രാപ്തിയും ഉറപ്പു വരുത്തുന്നതിന് കൃത്യമായ മോണിറ്ററിങ്ങ് അനിവാര്യമാണ്. മോണിറ്ററിങ്ങ് സംവിധാനം ശക്തിപ്പെടുത്തുന്ന കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 997 | 969021 | 970018 | 968359 | 1659 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 13176600 | 13176600 | 13176600 | |
| ആകെ | 997 | 14145621 | 14146618 | 14144959 | 1659 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 34560 | 57 |
| കർഷകതൊഴിലാളി പെൻഷൻ | 9295500 | 842 |
| വിധവാപെൻഷൻ | 15009700 | 1304 |
| വാർദ്ധക്യകാലപെൻഷൻ | 23827900 | 2089 |
| വികലാംഗപെൻഷൻ | 4615100 | 436 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2285300 | 272 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-11-2018ന് ഉച്ചയ്ക്ക് 3.00ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 7283രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ഉദ്യോഗസ്ഥർക്കിടയിൽ ജോലികൾ കൃത്യമായി വിഭജനം നടത്തുകയും ഓഫീസ് മീറ്റിങ്ങുകൾ പ്രതിമാസം ചേർന്ന് പ്രവർത്തനം വിലയിരുത്തൽ നടത്തുകയും ചെയ്തു വരുന്നുണ്ട്.

ആസ്തി രജിസ്റ്റർ

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഡിജിറ്റൽ രൂപത്തിലുള്ള ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ.(എം.എസ്) 255/2013/ത സ്വഭവ തീയതി 18.07.2013 പ്രകാരം ഇതിനായുള്ള മാതൃക സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ അടിസ്ഥാനത്തിൽ മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിൽ നിശ്ചിത രൂപത്തിലുള്ള ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ആസ്തികളുടെ ശരിയായ കണക്ക് തയ്യാറാക്കി അവയുടെ കൃത്യമായ പരിപാലനം ഉറപ്പ് വരുത്തുന്നതിന് ആസ്തി രജിസ്റ്റർ അനിവാര്യമായും സൂക്ഷിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി ഉണ്ടാകണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

സ.ഉ(പി) നം.177/06 ധനം തീയതി 12-04-2006 ഖണ്ഡിക 18.3 പ്രകാരം നിർവഹണ

ഉദ്യോഗസ്ഥർ ടി.ആർ .7ക്യാഷ് ബുക്കിൽ ഡിപ്പാർട്ട് മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശ സ്വയംഭരണ ഫണ്ട് വരവ് ചെലവ് വിവരം പ്രത്യേകം രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ അനുബന്ധം ബി iv ൽ സൂക്ഷിക്കണം എന്നും ഖണ്ഡിക 26.6 പ്രകാരം അനുബന്ധം ബി v ൽ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കണം എന്നുംനിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന നിർവഹണ ഉദ്യോഗസ്ഥർ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു.

| നിർവഹണ ഉദ്യോഗസ്ഥർ | രജിസ്ററർ സൂക്ഷിക്കുന്നതിന്റെ വിവരം | | |
|---|---|---|---|
| | ക്യാഷ് ബുക്ക് | സബ്സിഡിയറി രജിസ്റ്റർ | പ്രോജക്ട് രജിസ്റ്റർ |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | പഞ്ചായത്തിന് പ്രത്യേകം ക്യാഷ് ബുക്ക് സൂക്ഷിക്കുന്നു. മെയിൻ ക്യാഷ് ബുക്കിൽ പഞ്ചായത്ത് ഫണ്ടിന്റെ വിവരം ചേർക്കുന്നില്ല. | സൂക്ഷിക്കുന്നില്ല | ഉണ്ട് |
| ഹെഡ് മാസ്റ്റർ | പഞ്ചായത്തിന് പ്രത്യേകം ക്യാഷ് ബുക്ക് സൂക്ഷിക്കുന്നു. മെയിൻ ക്യാഷ് ബുക്കിൽ പഞ്ചായത്ത് ഫണ്ടിന്റെ വിവരം ചേർക്കുന്നില്ല. | സൂക്ഷിക്കുന്നില്ല | ഉണ്ട് |
| കൃഷി ഓഫീസർ | പഞ്ചായത്തിന് പ്രത്യേകം ക്യാഷ് ബുക്ക് സൂക്ഷിക്കുന്നു. | സൂക്ഷിക്കുന്നില്ല | ഉണ്ട് |
| അസിസ്റ്റന്റ് എഞ്ചിനിയർ | പഞ്ചായത്തിന് പ്രത്യേകം ക്യാഷ് ബുക്ക് സൂക്ഷിക്കുന്നു. | സൂക്ഷിക്കുന്നില്ല | ഉണ്ട് |
| വി.ഇ.ഒ | പഞ്ചായത്തിന് പ്രത്യേകം ക്യാഷ് ബുക്ക് സൂക്ഷിക്കുന്നു. | സൂക്ഷിക്കുന്നില്ല | ഉണ്ട് |

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-10-2018 | 09/2018 | 20-10-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02-02-2011 മുതൽ 17-02-2011 | 2009-2010 | 16-03-2011 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18 വാർഷികകണക്കുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള അപാകതകൾ താഴെ കൊടുക്കുന്നു

1. വാർഷിക ധനകാര്യപത്രികയിലെ കുടിശ്ശിക വസ്തു നികുതി ഡിമാന്റ് തുക സഞ്ചയ സ്റ്റേറ്റ്മെന്റിലെ കുടിശ്ശിക വസ്തു നികുതി ഡിമാന്റ് തുക യുമായി പൊരുത്തപ്പെടുന്നില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | തുക |
|---|---|---|
| കുടിശ്ശിക | ധനകാര്യപത്രിക | 460668 |
| | സഞ്ചയ | 471713 |

2. സഞ്ചയ സ്റ്റേറ്റ്മെന്റിലെ വസ്തു നികുതി ബാലൻസ് Total(134760) ബാലൻസ് ഷീറ്റിലെ ബി 15പത്രിക പ്രകാരമുള്ള ബാലൻസ് തുകയുമായി (128342) പൊരുത്തപ്പെടുന്നില്ല.

3. ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പത്രികയിലെ ഷെഡ്യൂൾ I-18 പ്രയർ പീരീഡ് ഐറ്റംസ് പ്രകാരം വസ്തു നികുതി ഡിമാന്റിൽ 575875രൂപയുടെ കുറവ് വരുത്തിയിട്ടുള്ളതായി കാണുന്നു ഇതിന് ആധാരമായ കണക്കുകൾ ലഭ്യമാക്കേണ്ടതാണ് .

4. പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ capital works in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും ഫൈനൽ ബിൽ നൽകുന്ന മുറക്ക് ഈ തുക അതാതു ആസ്തികളിലേയ്ക്ക് വരവ് വയ്ക്കുന്നത് കണക്കാക്കുന്നതിന് പഞ്ചായത്ത് വർക്ക് ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5. ഗ്രാന്റ് ആയി ലഭിച്ച തുകകളിൽ നിന്നും capital contribution, revenue contribution എന്നിവ കൃത്യമായി കണക്കാക്കുന്നതിന് പഞ്ചായത്ത് വർക്ക് ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6. ബാലൽസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിലെ ആസ്തി സംബന്ധിച്ച പരിശോധനയ്ക്ക് ആവശ്യമായ ആസ്തി രജിസ്റ്റർ 2017-18 വർഷം വരെ അപ്ഡേറ്റ് ചെയ്തു പരിശോധനക്ക് ഹാജരാക്കിയില്ല.

7. വാർഷിക സ്റ്റോക്ക് പരിശോധനാ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

8. സ്റ്റോക്ക് രജിസ്റ്റർ ബാലൻസ് ഷീറ്റ് ബി -11 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല

9. താഴെ പറയുന്ന ഫണ്ടുകൾ (5181123 രൂപ) പഞ്ചായത്ത് തനതു ഫണ്ടിനോടൊപ്പമാണ് സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ ടി തുകകളുടെ വരവ് ചെലവ് നിരീക്ഷിക്കുന്നതിനായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

i. MPLAD

ii. സംയുക്ത പ്രോജക്റ്റ് ജില്ലാ പഞ്ചായത്ത്

iii. സമ്പൂർണ്ണ ശുചിത്വം

iv. ഗുണഭോക്തൃ വിഹിതം

v. NREGA

vi.സാക്ഷരത

vii. സ്റ്റേറ്റ് ഗവണ്മെന്റ് ഫണ്ടുകൾ (വിവിധം)

10. 31-03-2018തീയതിയിലെ ബാങ്ക് ബാലൻസിൽ ബാങ്ക് പാസ്ബുക്ക് പ്രകാരം 12544389രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 12297193രൂപയും ആണുള്ളത്. പലിശ ഇനത്തിൻ ലഭിച്ച തുക 297196രൂപ ബാങ്ക് സ്റ്റെമെന്റിൽ ഉൾപ്പെടുത്തുകയോ ക്രമീകരിക്കുകയോ ചെയ്തിട്ടില്ല.

11. ബാങ്ക് റീകൺസീലിയേഷൻ പ്രതിമാസം ചെയ്യുന്നുണ്ടെങ്കിലും റീകൺസീലിയേഷൻ പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം ഒന്നും രണ്ടും അർദ്ധവർഷ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1. കേരളസംസ്ഥാന വൈദ്യുതി ബോർഡ്, കുട്ടിക്കുന്ന്

2. ബി.എസ്.എൻ.എൽ., മാങ്ങാട്ടിടം

തൊഴിൽനികുതി ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 സ്ഥലം മാറിപ്പോയ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും: ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

a)60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ജോലി ചെയ്തതിന് ശേഷം സ്ഥലം മാറിപ്പോയ താഴെ പറയുന്ന ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ | പേര്, തസ്തിക, ഓഫീസ് | സ്ഥലം | ഗ്രാമപഞ്ചായത്തിൽജോലിചെയ്ത |
|---|---|---|---|

| നമ്പർ | | മാറിപ്പോയ തീയ്യതി | ദിവസങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | മൃദുല വി<br>അസി. എഞ്ചിനീയർ<br>110KVസബ്സ്റ്റേഷൻ, കുട്ടിക്കുന്ന്, കൂത്തുപറമ്പ് | 30-11-2017 | 91 |
| 2 | വിജയൻ എം.കെ<br>സബ് എഞ്ചിനീയർ<br>110KVസബ്സ്റ്റേഷൻ, കുട്ടിക്കുന്ന്, കൂത്തുപറമ്പ് | 15/11/17 | 75 |
| 3 | രാജീവൻ കൊല്ലനാണ്ടി, സീനിയർ ക്ലർക്ക്,ഗ്രാമപഞ്ചായത്ത് | 01-11-2017 | 60 |
| 4 | ലിജിൻ കുത്തങ്ങോടൻ , ക്ലർക്ക്<br>ഗ്രാമപഞ്ചായത്ത് | 06-11-17 | 65 |
| 5 | ദീപ .കെ.കെ , ക്ലർക്ക്<br>ഗ്രാമപഞ്ചായത്ത് | 03-11-17 | 62 |

മേൽ വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ് അനുവദിച്ചത് ആവശ്യമായ അനുമതി പത്രങ്ങളില്ലാതെ

2017-18 വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത് ആവശ്യമായ അനുമതിപത്രങ്ങളില്ലാതെയാണ്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| അപേക്ഷാ നമ്പരും തീയ്യതിയും | അപേക്ഷകന്റെ പേര് | സ്ഥാപനം | അപാകങ്ങൾ |
|---|---|---|---|
| 91/06-05-17 | ഒതയോത്ത് വത്സൻ<br>തയ്യിൽ ഹൗസ് | സോഡ നിർമ്മിച്ച് വിതരണം നടത്തൽ | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിയില്ല, ശുചിത്വ സാക്ഷ്യപത്രമില്ല |
| 47/21-04-17 | നന്ദനൻ ഒ<br>പള്ളിപ്രത്ത് | കോഴിവളർത്തൽ | ശുചിത്വ സാക്ഷ്യപത്രമില്ല |

| | | | |
|---|---|---|---|
| | വീട് | | |

സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് അനുവദിക്കുമ്പോൾ ലൈസൻസ് അനുവദിക്കാനാവശ്യമായ മുഴുവൻ രേഖകളും ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-4 വിറ്റ് വരവ് രേഖപ്പെടുത്താത്ത അപേക്ഷകളിലും അന്വേഷണറിപ്പോർട്ടില്ലാതെ ഡി&ഒ ഫീ നിർണ്ണയിക്കുന്നു.

ഡി&ഒ ലൈസൻസ് അനുവദിച്ചു കിട്ടുന്നതിനായി പഞ്ചായത്തിൽ സമർപ്പിച്ച പല അപേക്ഷകളിലും വിറ്റ് വരവ് രേഖപ്പെടുത്താതിരുന്നിട്ട് കൂടി ലൈസൻസ് ഫീ അനുവദിക്കുന്നത് യാതൊരുവിധ അന്വേഷണങ്ങളുമില്ലാതെയാണ്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| അപേക്ഷകന്റെ പേര് വിവരങ്ങൾ | സ്ഥാപനം |
|---|---|
| മനോഹരൻ എ<br>വട്ടിപ്രം, 394 B | പലചരക്ക് കട |
| അഷ്കർ പി.സി<br>V/229 | കോഴിവിൽപന |
| സിറാജ് എൻ പി<br>V/315,316 | വാടകസാധനങ്ങൾ |
| ജോസഫ് ഐസക്<br>അങ്ങാടിക്കടവ് | മരഉരുപ്പടികൾ വിൽപന |
| സി.കെ .അബ്ദുൾജബ്ബാർ<br>ബദരിയ സോമിൽ | ഈർച്ചമിൽ |
| ചമ്പളോൻ പ്രേമരാജൻ<br>പുതിയവീട്<br>നിർമലഗിരി | അനാദിക്കച്ചവടം |

ഡി&ഒ ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകളിൽ ആവശ്യമായ പരിശോധന നടത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 ലൈസൻസ് എടുക്കുന്നതിൽ കാലതാമസം - വൈകി കിട്ടുന്ന അപേക്ഷകളിൽ ചട്ടപ്രകാരമുള്ള പിഴ ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ), നിലവിൽ (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിനു 30 ദിവസത്തിനുള്ളിലായി സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷി ക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ഈ ആവശ്യത്തിലേക്കായി സമർപ്പിച്ച 472 അപേക്ഷ കളിൽ 22എണ്ണം മാത്രമാണ് യഥാസമയം സമർപ്പിച്ച് ലൈസൻസ് പുതുക്കിയിട്ടുള്ളത്. ബാക്കിയുള്ളവ മേൽ സമയക്രമം പാലിച്ചിട്ടില്ല. ലൈസൻസ് യഥാസമയം പുതുക്കാത്തവരിൽ നിന്നും ലൈസൻസ് ഫീസിന്റെ 25% അധിക ഫീസ് ഈടാക്കികൊണ്ട് ലൈസൻസ് പുതുക്കിനൽകുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ ഇപ്രകാരം അധിക ഫീസ് ഈടാക്കി പുതുക്കേണ്ടത് മേൽ ചട്ടങ്ങളിലെ പട്ടികIII, പട്ടികIV എന്നിവ പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്ന സംഗതികളിൽ മാത്രമാണ്. ചട്ടം(19, 22 കാണുക). പട്ടിക II പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ടം 26 പ്രകാരം ചട്ടം ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കാവുന്നതാണ്.

## 2-6 ഡി&ഒ ലൈസൻസ് -ഭേദഗതിചട്ടപ്രകാരമുള്ള ഭേദഗതി ഫീസ് ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് 31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിനാൽ 31.10.2017 ന് ശേഷം ലൈസൻസ് നൽകേണ്ടിയിരുന്നത് ജി.ഒ.(പി) 80/2017 അടിസ്ഥാനമാക്കിയായിരുന്നു. ആയതു പ്രകാരം ഈടാക്കേണ്ടുന്ന ലൈസൻസ് ഫീസ് ചുവടെ ചേർക്കുന്നു.

| ഇനം | ഈടാക്കാവുന്ന പരമാവധി ഫീസ് |
|---|---|
| മൈക്രോ എൻർപ്രൈസസ് (മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 25,00,000ൽ കവിയാത്തവ, സേവന മേഖലയിൽ 10,00,000 ൽ കവിയാത്തവ ) | 500 |
| മിനി എൻർപ്രൈസസ് (മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 25,00,000 നു മുകളിലും 1,00,00,000 ക്ക് താഴെ,സേവന മേഖലയിൽ | 1,000 |

| | |
|---|---|
| 10,00,000 ന മുകളിലും 50,00,000ന താഴെ ) | |
| സ്മോൾ എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 1,00,00,000 ക്ക് മുകളിലും 5,00,00,000 ക്ക് താഴെയും, സേവന മേഖലയിൽ 50,00,000 ന മുകളിലും 2,00,00,000ക്ക് താഴെയും ) | 5,000 |
| മീഡിയം എൻർപ്രൈസസ് (മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 5,00,00,000-ന മുകളിലും 10,00,00,000-ക്ക് താഴെ,സേവന മേഖലയിൽ 2,00,00,000 ക്ക് മുകളിലും 5,00,00,000-ന താഴെ) | 10,000 |
| ലാർജ് എൻർപ്രൈസസ് (മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 10,00,00,000 ക്ക് മുകളിലും, സേവന മേഖലയിൽ 5,00,00,000-ക്ക് മുകളിലും) | 15,000 |

എന്നാൽ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തതിന് ശേഷമുള്ള പുതിയ നിരക്ക് 2018-19 സാമ്പത്തിക വർഷം മുതലാണ് ഈടാക്കിയിരിക്കുന്നത്. ഭേദഗതി ഉത്തരവ് നടപ്പിലാക്കാൻ വൈകിയതിനാൽ ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട അധിക വരുമാനം നഷ്ടപ്പെടുകയാണുണ്ടായത്.

## 2-7 റേഷൻ കടകൾക്ക് ഫീസ് ഈടാക്കി ലൈസൻസ് നൽകേണ്ടതാണ്

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ബന്ധപ്പെട്ട ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഒരു റേഷൻ കടക്ക് മാത്രമേ ലൈസൻസ് ഫീ ഈടാക്കികാണുന്നുള്ളൂ. ആയതിനാൽ അടിയന്തിരമായി മുഴുവൻ റേഷൻ കടകൾക്കും ലൈസൻസ് നൽകുവാനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനുമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്

## 2-8 കോഴിഫാമുകൾക്ക് പൗൾട്രി ഫാം ലൈസൻസ് നൽകുന്നില്ല

ശ്രീ .മലപ്പിലായി രാജു (വാർഡ് നമ്പർ,കെട്ടിട നമ്പർ XI,114.A) ശ്രീ.നന്ദനൻ ഒ,പള്ളിപ്രത്ത് വീട്(XII,31A) എന്നിവർക്ക് പഞ്ചായത്ത് കോഴിഫാം നടത്തുന്നതിന് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഈ ഫാമുകൾക്ക് 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ )ചട്ടങ്ങൾ പ്രകാരം ലൈസൻസ് അനുവദിച്ചിട്ടില്ല. 50 ൽ താഴെ കോഴികളെ മാത്രം വളർത്തുന്നതുകൊണ്ടാണ് ലൈസൻസ് നൽകാതിരുന്നത് എന്നാണ് എൻക്വയറിക്ക് മറുപടി നൽകിയത്. എന്നാൽ അപേക്ഷയിലെവിടേയും അക്കാര്യം പരാമർശിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം ലൈസൻസ് നൽകുമ്പോൾ നടപടിക്രമങ്ങൾ കർശനമായി

പാലിക്കേണ്ടതാണ്.

## 2-9 സേവനഉപനികുതി ഈടാക്കുന്നില്ല

ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിൻറേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി (പൂർണ്ണ സംഖ്യയിൽ) ചുമത്താവുന്നതാണ്.ജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സേവനങ്ങൾ ഗ്രാമ പഞ്ചായത്ത് നിർവ്വഹിക്കുന്നതിനാൽ അവയ്ക്ക് സേവന ഉപനികുതി ചുമത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## 2-10 ടെണ്ടർ ഫോറം വില ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല.

2017-18വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെൻഡർ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇ-ടെൻഡറിംഗ് നടത്തുമ്പോൾ ടെൻഡർ ഫോം വില (രൂപ34,300/-) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ആണ് ഒടുക്ക് വരുത്തുന്നത്. പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറം വില തിരികെ ഈടാക്കിയിട്ടില്ല. പ്രസ്തുത തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജീവനക്കാരുടെ സേവന പുസ്തകങ്ങൾ -ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല

കേരള സർവീസ് ചട്ടങ്ങളിലെ ചട്ടം 150 പ്രകാരം ജീവനക്കാരുടെ സേവന പുസ്തകങ്ങൾ എല്ലാ വർഷവും ഏപ്രിൽ 1ന് സ്ഥാപന മേധാവി ശമ്പളബിൽ തുടങ്ങിയ രേഖകളുമായി ചേർത്ത് പരിശോധിക്കുകയും നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. സേവന പുസ്തകം ഭാഗം IVലും ആവശ്യമായ വിവരങ്ങൾ ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരമുള്ള സേവന പുസ്തക പരിശോധന നടത്തി ആവശ്യമായ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. ചട്ടങ്ങളിലെ വ്യക്തമായ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-2 യാത്രാബത്ത - പ്രതിമാസ പരിധി പാലിക്കുന്നില്ല

യാത്രാബത്ത കണക്കാക്കുന്ന ആവശ്യത്തിലേക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പ്രവർത്തന പരിധി ഒരു റവന്യൂ ജില്ലയായാണ് കണക്കാക്കി വരുന്നത്. ജില്ലക്കു പുറത്തേക്ക്

ഔദ്യോഗികാവശ്യങ്ങൾക്കായി യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥരുടെ പ്രതിമാസ യാത്രാബത്ത, സമാന ഗ്രേഡിലുള്ളതും സംസ്ഥാനം അധികാര പരിധിയായി നിശ്ചയിക്കപ്പെട്ടതുമായ ഉദ്യോഗസ്ഥർക്ക് അർഹമായ യാത്രാബത്തയുടെ പ്രതിമാസ പരിധിക്കു വിധേയമായിരിക്കും. (സർക്കാർ ഉത്തരവ്.നം.137/2016/ഫിൻ തീയതി 09.09.2016 (ഖ.4 (ii). ഗ്രേഡ് I വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥനായ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.ടി.രാജേഷ് കുമാറിന് ജില്ലക്ക് പുറത്തേക്കുള്ള യാത്രകൾ ഉൾപ്പെടെ അർഹമായ പരമാവധി പ്രതിമാസ യാത്രാബത്ത ടി. ഉത്തരവ് പ്രകാരം 4900/- രൂപയാണ്. എന്നാൽ 2016 ഒക്ടോബർ ,ഡി സമ്പർ മാസങ്ങളിൽ ശ്രീ.രാജേഷ് കുമാർ യഥാക്രമം 7804/- രൂപയും 5160/- രൂപയും യാത്രപ്പടിയായി കൈപ്പറ്റിയിട്ടുണ്ട്.( വൗച്ചർ നം. 21700286 തീയതി ' 28. 7.2017 ) സർക്കാർ ഉത്തരവിലെ വ്യക്തമായ വ്യവസ്ഥകൾ പാലിക്കുന്നതിൽ സംഭവിച്ച വീഴ്ച ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-3 ലൈൻവലിക്കൽ പ്രവൃത്തി പൂർത്തീകരിക്കാത്തത്

റർബൻ മിഷൻ ഫണ്ട് ഉപയോഗിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി 78. 33 കി.മീ.ലൈൻ വലിക്കൽ പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം താഴെ പറയുന്ന

തുകകൾ KSEB ക്ക് വൗച്ചർ നം. 21700762 തീയതി 31.0 1.2018 പ്രകാരം ഒടുക്കിയിട്ടുണ്ട്.

| | | |
|---|---|---|
| KSEB കുത്തുപറമ്പ് സെക്ഷൻ | : | 6088850 |
| KSEB വേങ്ങാട് സെക്ഷൻ | : | 2666950 |
| ആകെ | : | 8755800 |

ലൈൻ വലിക്കൽ പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതിയെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്രവൃത്തിയുടെ 50% പൂർത്തീകരിച്ചിട്ടുള്ളതായാണ് അറിയിച്ചിട്ടുള്ളത്. ഡെപ്പോസിറ്റ് നടത്തി 10 മാസം പിന്നിട്ട സാഹചര്യത്തിൽ വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട് പ്രവൃത്തി പൂർത്തീകരിക്കാനുള്ള ഇടപെടൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് ഓഡിറ്റ് നിർദേശിക്കുന്നു.

## 3-4 ആശ്രയ ഭവന നിർമാണം പൂർത്തിയാക്കിയില്ല

ആശ്രയ പദ്ധതിയനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവിന് വീട് നിർമിക്കുന്നതിനായി 3,50,000/- രൂപ സി.ഡി.എസ്.ചെയർപേഴ്സണ് അനുവദിച്ചിട്ടുണ്ട്. (ബിൽ നം.13 / 2017-18 ,വൗച്ചർ നം. 27/17 - 18 തീ. 28.3.2018 പ്രകാരം) അസി.സെക്രട്ടറി നടപ്പാക്കിയ ഈ പ്രോജക്ട് പ്രകാരമുള്ള ഭവന നിർമാണം ഇതു വരെ പൂർത്തീകരിച്ചിട്ടില്ല. ഭവന നിർമാണം അടിയന്തിരമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 പ്രവൃത്തി പൂർത്തിയാക്കുന്നതിലെ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിനുള്ള പിഴ ഈടാക്കിയിട്ടില്ല.

സ.ഉ.(പി) നമ്പർ 13/2012 പി.ഡബ്ള്യൂ.ഡി. തീയതി 01-02-2012 പ്രകാരം പരിഷ്കരിച്ച പൊതുമരാമത്ത് മാന്വൽ 2112-1 പ്രകാരം കരാറുകാരന്റെ ഭാഗത്തുനിന്നുള്ള പിഴവ് മൂലം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ ദീർഘിപ്പിക്കേണ്ടി വന്നാൽ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. ഉത്തരവിലെ ഖണ്ഡിക 2112 പ്രകാരം യഥാർത്ഥത്തിലുള്ള പണി പൂർത്തീകരണ സമയത്തിന്റെ 25% മാത്രമേ ഒരു പ്രാവശ്യം ദീർഘിപ്പിച്ചു നൽകാവൂ. ഇത്തരത്തിൽ പരമാവധി പൂർത്തീകരണ സമയത്തിന്റെ പകുതി സമയം വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇതിന് പിഴയീടാക്കുമ്പോൾ ആദ്യത്തെ 25 ശതമാനത്തിന് 1%വും അടുത്ത 25 ശതമാനത്തിന് 2% പിഴ ഈടാക്കേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ താഴെ ചേർക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. എന്നാൽ സമയം ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ അപേക്ഷ നൽകുയോ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. കൂടാതെ കാലതാമസത്തിന് കരാറുകാരനിൽ നിന്ന് പിഴയും ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

1. പ്രോജക്ട് - 24/18 : കണ്ടേരി സ്രാമ്പി - ചിറ്റാരി റോഡ് സോളിംഗ്,താറിംഗ്

അടങ്കൽ : ₹3,00,000 ( മെയിന്റനൻസ് ഫണ്ട് റോഡ് )

ചെലവ് : ₹295117 ബിൽ നം. - 09/17-18 dtd. 30-06-2017

പി.എ.സി : ₹2,95,672

കരാർ നമ്പർ/തീയ്യതി : 09/16-17 dtd 31-12-2016

സൈറ്റ് കൈമാറിയ തീയതി : 31-12-2016

എം.ബുക്ക് നമ്പർ : 09/16-17

കരാറുകാരൻ : ശ്രീ.സുരേന്ദ്രബാബു . സി

പൂർത്തീകരിക്കേണ്ടിയിരുന്ന തീയ്യതി : 31-03-2017

പൂർത്തീകരിച്ച തീയ്യതി : 28-04-2017

പൂർത്തീകരണ സമയം : 90 ദിവസം

കാലതാമസം : 28 ദിവസം

മേൽ പ്രവൃത്തിയിൽ കരാറുകാരനിൽ നിന്ന് പി.എ.സി.യുടെ 3% തുകയായ ₹8870 രൂപ ഈടാക്കേണ്ടതാണ്.

2 . പ്രോജക്ട് - 19/18 : കമാൽ മുക്ക് മാവുള്ള കാവിൽ റോഡ് താറിംഗ്

അടങ്കൽ : ₹2,17,000 ( മെയിന്റനൻസ് ഫണ്ട് റോഡ് )

ചെലവ് : ₹210884 ബിൽ നം. - 08/17-18 dtd. 30-06-2017

പി.എ.സി : ₹2,10,990

കരാർ നമ്പർ/തീയ്യതി : 08/16-17 dtd 31-12-2016

എം.ബുക്ക് നമ്പർ : 08/16-17

കരാറുകാരൻ : ശ്രീ.സുരേന്ദ്രബാബു . സി

പൂർത്തീകരിക്കേണ്ടിയിരുന്ന തീയ്യതി : 31-03-2017

പൂർത്തീകരിച്ച തീയ്യതി : 27-04-2017
പൂർത്തീകരണ സമയം : 90 ദിവസം
കാലതാമസം : 27 ദിവസം

മേൽ പ്രവൃത്തിയിൽ കരാറുകാരനിൽ നിന്ന് പി.എ.സി.യുടെ 3% തുകയായ ₹6330 ഈടാക്കേണ്ടതാണ്.

3 . പ്രോജക്ട് - 22/18 : മെരുവമ്പായി - പരപ്പിൽ റോഡ് താറിംഗ്

അടങ്കൽ : ₹5.09,922( മെയിന്റനൻസ് ഫണ്ട് റോഡ് )

ചെലവ് : ₹478221 ബിൽ നം. - 12/17-18 dtd. 30-06-2017

പി.എ.സി : ₹5.09,922

കരാർ നമ്പർ/തീയ്യതി : 42/16-17 dtd 11-01-2017

സൈറ്റ് കൈമാറിയ തീയതി :11-01-2017

എം.ബുക്ക് നമ്പർ : 42/16-17

കരാറുകാരൻ : ശ്രീ.ജിജേഷ് കുമാർ .പി

പൂർത്തീകരിക്കേണ്ടിയിരുന്ന തീയ്യതി : 10–04-2017

പൂർത്തീകരിച്ച തീയ്യതി : 22-05-2017
പൂർത്തീകരണ സമയം : 90 ദിവസം
കാലതാമസം : 41 ദിവസം

മേൽ പ്രവൃത്തിയിൽ കരാറുകാരനിൽ നിന്ന് പി.എ.സി.യുടെ 3% തുകയായ ₹15298 ഈടാക്കേണ്ടതാണ്.

4. പ്രോജക്ട് - 18/18 : എരഞ്ഞിപ്പോയിൽ വട്ടിപ്രം റോഡ് താറിംഗ്

അടങ്കൽ : ₹1,15,000 ( മെയിന്റനൻസ് ഫണ്ട് റോഡ് )

ചെലവ് : ₹1,09,741 ബിൽ നം. - 13/17-18 dtd. 30-06-2017

പി.എ.സി : ₹1,09,742

കരാർ നമ്പർ/തീയ്യതി : 14/16-17 dtd 31-12-2016

സൈറ്റ് കൈമാറിയ തീയതി : 31-12-2016

എം.ബുക്ക് നമ്പർ : 14/16-17

കരാറുകാരൻ : ശ്രീ.ജിജേഷ് കുമാർ .പി

പൂർത്തീകരിക്കേണ്ടിയിരുന്ന തീയ്യതി : 31-03-2017

പൂർത്തീകരിച്ച തീയ്യതി : 30-05-2017
പൂർത്തീകരണ സമയം : 90 ദിവസം
കാലതാമസം : 60 ദിവസം

മേൽ പ്രവൃത്തിയിൽ കരാറുകാരനിൽ നിന്ന് പി.എ.സി.യുടെ 3% തുകയായ ₹3292 ഈടാക്കേണ്ടതാണ്.

5.പ്രോജക്ട് - 23/18 : ചന്ദ്രൻ സ്മാരകത്തിന് സമീപം റോഡ് താറിംഗ് (വട്ടിപ്രം)

അടങ്കൽ : ₹3,32,000 ( മെയിന്റനൻസ് ഫണ്ട് റോഡ് )

ചെലവ് : ₹3.31.452 ബിൽ നം. - 14/17-18 dtd. 30-06-2017

പി.എ.സി : ₹3,31,915

കരാർ നമ്പർ/തീയ്യതി : 17/16-17 dtd 31-12-2016

സൈറ്റ് കൈമാറിയ തീയതി : 31-12-2016

എം.ബുക്ക് നമ്പർ : 14/16-17

കരാറുകാരൻ : ശ്രീ.ജിജേഷ് കുമാർ .പി

പൂർത്തീകരിക്കേണ്ടിയിരുന്ന തീയ്യതി : 31-03-2017

പൂർത്തീകരിച്ച തീയ്യതി : 22-05-2017
പൂർത്തീകരണ സമയം : 90 ദിവസം
കാലതാമസം : 52 ദിവസം

മേൽ പ്രവൃത്തിയിൽ കരാറുകാരനിൽ നിന്ന് പി.എ.സി.യുടെ 3% തുകയായ ₹9957 ഈടാക്കേണ്ടതാണ്..

6. പ്രൊജക്ട് : 38/18 – മാങ്ങാട്ടിടം പി.എച്ച്.സി .സാന്ത്വന പരിചരണ കെട്ടിട

നിർമ്മാണം

അടങ്കൽ : ₹7,00,000- വികസന ഫണ്ട്

: ₹8,00,000 – തനത് ഫണ്ട്

ആകെ : ₹15,00,000

ചെലവ് : ₹7,00,000- ബിൽ നം 67/17-18 തീയ്യതി. 23-03-2018

: ₹496325 ചെക്ക് നം 7724626 dtd 31-03-2018

കരാർ നമ്പർ/തീയ്യതി : 70/16-17 dtd 21-03-2017

പ്രവൃത്തി പൂർത്തീകരണ സമയം : 180 ദിവസം ('ഇ','ടെണ്ടർ പ്രകാരം )

പൂർത്തിയാക്കേണ്ട തീയതി : 20-09-2017

പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി : 26-02-2018

എം.ബുക്ക് നമ്പർ : 70/16-17 ,71/16-17, 72/16-17

കരാറുകാരൻ : ശ്രീ. എൻ. ബാബു

പി.എ.സി : ₹1499722

കരാറിൽ പൂർത്തീകരണ കാലാവധി 20-03-2018 കാണിച്ചിരിക്കുന്നതെങ്കിലും കരാറിൽ കരാറുകാരൻ ഒപ്പുവെച്ചിട്ടില്ല. ആയതിനാൽ കരാറുകാരനിൽ നിന്ന് പി.എ.സി.യുടെ 3% തുകയായ ₹44992 ഈടാക്കേണ്ടതാണ്.

7. പ്രൊജക്റ്റ് : 103/18 – ആയിത്തറ മിന്നിപീടിക കലിക്കോട് റോഡ് പുനരുദ്ധാരണം

അടങ്കൽ : ₹6,35,000- ധനകാര്യ കമ്മീഷൻ

ചെലവ് : ₹6,21,622 - ബിൽ നം 67/17-18 തീയ്യതി. 23-03-2018

: ₹496325 ചെക്ക് നം 7724626 dtd 31-03-2018

കരാർ നമ്പർ/തീയ്യതി : 45/17-18 dtd 26-12-2017

പൂർത്തിയാക്കേണ്ട തീയതി : 25-02-2018

പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി : 02-03-2018

എം.ബുക്ക് നമ്പർ : 45/17-18

കരാറുകാരൻ : ശ്രീ. ടി.ജയപ്രകാശൻ

പി.എ.സി : ₹6,33,300

മേൽ പ്രവൃത്തിയിൽ കരാറുകാരനിൽ നിന്ന് പി.എ.സി.യുടെ 1% തുകയായ ₹6333 ഈടാക്കേണ്ടതാണ്.

8. പ്രൊജക്റ്റ് : 37/18 - കണ്ടേരി ആളാച്ചിറ കണ്ടംകുന്ന് റോഡ് നവീകരണം

അടങ്കൽ : ₹87593- വികസന ഫണ്ട്

: ₹1262407 – ലോകബാങ്ക് സഹായം

ആകെ : ₹13,50,000

ചെലവ് : ₹117160- ബിൽ നം 09/17-18 തീയ്യതി. 16-08- 2017- (സെക്രട്ടറി)

: ₹6,86,666 - ബിൽ നം 20/17-18 തീയ്യതി. 28-12-2017

: ₹3,83,342 - ബിൽ നം 21/17-18 തീയ്യതി.06-01-2018

കരാർ നമ്പർ/തീയ്യതി : 69/16-17 dtd 21-03-2017

സൈറ്റ് കൈമാറിയ തീയതി : 21-03-2017

പ്രവൃത്തി പൂർത്തീകരണ സമയം : 90 ദിവസം

പൂർത്തിയാക്കേണ്ട തീയതി : 20-06-2017

പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി : 23-12-2017
കാലതാമസം : 186 ദിവസം

എം.ബുക്ക് നമ്പർ : 69/16-17, 130/16-17

കരാറുകാരൻ : ശ്രീ. ജിജേഷ്.പി

പ്രവൃത്തി മൂല്യം : ₹11,92,478

പി.എ.സി : ₹12,23,114

ഈടാക്കേണ്ടിയിരുന്ന പിഴ : 12,23,114 x 3% = 36693

ഈടാക്കിയ പിഴ : ₹21506

മേൽ പ്രവൃത്തിയിൽ ഈടാക്കുന്നതിൽ കുറവ് വന്ന ₹15187 കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

ആകെ തുകയായ ₹ 110259 ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-6 ഒഴിഞ്ഞ വീപ്പയുടെ വില ഈടാക്കി തനത് ഫണ്ടിൽ ഒടുക്കിയത് -അപാകങ്ങൾ-

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

2017-18 വർഷം നടപ്പിലാക്കിയ പ്രോജക്ടുകളിൽ ടാർ ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ നിന്നും ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ടാറിംഗ് പ്രവൃത്തികളിൽ നിന്നും ഈടാക്കിയ ടാർ ബാരലിന്റെ വില പഞ്ചായത്തിന്റെ ടി.എസ്.ബി അക്കൗണ്ട് 722041400000021 (തനത് ഫണ്ട് അക്കൗണ്ട്) ൽ ആണ് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരിക്കുന്നത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30-10-2007 ലെ 59827/എഫ്.എം/07നമ്പർ സർക്കുലർ പ്രകാരം ടാർ ബാരലിന്റെ വില ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. ആയതിനാൽ പ്രവൃത്തിക്ക് ചെലവഴിച്ച ഫണ്ടിലേക്ക് ബാരൽ വില തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

| ക്രമ നമ്പർ | പ്രോജക്ടിന്റെ വിവരം | എം.ബുക്ക് നമ്പർ | ബാരലിന്റെ എണ്ണം | ബാരലിന്റെ വില |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 43/18 കണ്ടംകുന്ന് പുത്തൻ പുരകേടിച്ചാൽ റോഡ് ടാരിംഗ് | 71/16-17 | 3 | 714 |
| 2 | 16/18 - കമ്പനിക്കുന്ന് മമ്പറം നടപ്പാലം വയൽ റോഡ് പുനരുദ്ധാരണം | 54/16-17 | 11 | 2618 |
| 3 | 19/18- കമാൽ മുക്ക് മാവുള്ള കാവിൽ റോഡ് താറിംഗ് | 08/16-17 | 5 | 1190 |
| 4 | 24/18 - കണ്ടേരി സ്രാമ്പി - ചിറ്റാരി റോഡ് സോളിംഗ്,താറിംഗ് | 09/16-17 | 6 | 1428 |
| 5 | 22/18- മെരുവമ്പായി - പരപ്പിൽ റോഡ് താറിംഗ് | 42/16-17 | 12 | 2856 |
| 6 | 18/18 - എരഞ്ഞിപ്പോയിൽ വട്ടിപ്രം റോഡ് താറിംഗ് | 14/16-17 | 7 | 1666 |
| 7 | 23/18 - ചന്ദ്രൻ സ്മാരകത്തിന് സമീപം റോഡ് താറിംഗ് (വട്ടിപ്രം) | | 6 | 1428 |
| | | | | 11900 |

## **3-7** വനിതകൾക്ക് ആട് വിതരണം -- ജില്ലാ സാങ്കേതിക വിദഗ്ദ സമിതി നിർണ്ണയിച്ച യൂണിറ്റ് കോസ്റ്റിലും അധികമായി സബ്സിഡി അനുവദിച്ചു-- അധികം നൽകിയ **₹75000** നിരാകരിക്കുന്നു

നിർവഹണ ഉദ്യോഗസ്ഥ : വെറ്ററിനറി സർജൻ

പ്രൊജക്ട് :151/18 -- വനിതകൾക്ക് ആട് വിതരണം

അടങ്കൽ :₹4,91,700 വികസന ഫണ്ട്

: ₹5,00,000 ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത് )

: ₹8300 (തനത് ഫണ്ട്)

ആകെ : ₹10,00,000

ചെലവ് : ₹3,87,000 - ബിൽ നമ്പർ .P7/17-18 dtd 27-01-2018

: ₹1,04,700 - ബിൽ നമ്പർ .P11/17-18 dtd 08-03-2018

: ₹8300 – ചെക്ക് നമ്പർ. 2695280 dtd 06-03-2028

ആകെ : ₹5,00,000

50 ഗുണഭോക്താക്കൾക്ക് പെണ്ണാടുകളെ വിതരണം ചെയ്യുന്നതിനാണ് പ്രൊജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രൊജക്റ്റ് പ്രകാരം ആറു മുതൽ എട്ട് മാസം വരെ പ്രായമുള്ള രണ്ട് പെണ്ണാടുകളെ ഗുണഭോക്താവ് വാങ്ങേണ്ടതാണ് എന്ന് പ്രൊജക്റ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 20-10-2017 ചേർന്ന പർച്ചേസിംഗ് കമ്മിറ്റി ആടുകളെ പർച്ചേസിംഗ് കമ്മിറ്റിയുടെ അറിവോടെ വാങ്ങാനും എട്ടുമുതൽ ഒന്നര വയസ്സ് വരെയുള്ളതിനെ വാങ്ങിക്കണം എന്നും തീരുമാനിച്ചു. ഇതുപ്രകാരം Kannur Goat Farmers Producer Company Ltd ൽ നിന്നും 90 ആടുകളെ ₹774000( Cash Bill No 264 dtd 30-11-2017 )പർച്ചേസിംഗ് കമ്മിറ്റി വാങ്ങിയതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ 50 ശതമാനമായ ₹387000 പ്രസ്തുത സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. ഇവ കൂടാതെ ₹ 2,24,000 വില വരുന്ന 28 ആടുകളെ ശ്രീ.നസീർ പി.വി , പുതിയവീട്ടിൽ,പേരാവൂർ മേലെമുരിങ്ങോടി എന്നിവരിൽ നിന്നും വാങ്ങി വിലയുടെ 50 ശതമാനമായ ₹1,11,200 ബിൽ നമ്പർ .P11/17-18 dtd 08-03-2018 പ്രകാരം ₹1,04,700 യും ചെക്ക് നമ്പർ 1297998 dt 07-04-2018 പ്രകാരം ₹7300 യും ശ്രീ.നസീർ പി.വിക്ക് നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1).സ.ഉ (എം.എസ് )നമ്പർ.80/2017തസ്വഭവ .തീയതി 03-04-2017 ഖണ്ഡിക 3 പ്രകാരം ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിനുള്ള നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആടുകളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാ സാങ്കേതിക വിദഗ്ദ സമിതി നിശ്ചയിച്ചിട്ടുണ്ട്. ഇതുപ്രകാരം 5 – 6 മാസം പ്രായമുള്ളതും 10 kg ശരീര തൂക്കമുള്ളതുമായ മലബാറി/സങ്കരയിനം ആടിന് ₹5000 യും 7 മാസം മുതൽ ആദ്യ പ്രസവത്തിന് മുമ്പ് വരെയുള്ളതിന് ₹8000 യും പ്രസവിച്ചതിന് ₹10,000 വുമാണ് വില നിശ്ചയിച്ചിരിക്കുന്നത്. പ്രോജക്റ്റ് പ്രകാരം ആറുമുതൽ എട്ട് മാസം വരെ പ്രായമുള്ള രണ്ട് പെണ്ണാടുകളെ ഗുണഭോക്താവ് വാങ്ങേണ്ടതാണ് എന്ന് നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ ആറ് മാസം പ്രായമായതിന് ₹5000 വും 7 മാസം മുതലുള്ളതിന് ₹8000 വും മാത്രമേ അനുവദിക്കാൻ പാടുള്ളൂ. എന്നാൽ ആടിന്റെ പ്രായം കണക്കിലെടുക്കാതെയും ജില്ലാ സാങ്കേതിക വിദഗ്ദ സമിതി നിർണ്ണയിച്ച യൂണിറ്റ് കോസ്റ്റ് പരിഗണിക്കാതെയുമാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 8.2.2പ്രകാരം പെണ്ണാടിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി 50% (പരമാവധി ₹ 10000 കുറഞ്ഞത് രണ്ടെണ്ണം വാങ്ങണം ) ആണ്.

2) വിലചീറ്റ് പ്രകാരം വ്യത്യസ്ഥ പ്രായത്തിലുള്ള രണ്ട് ആടുകളുടെ ആകെ തുകയാണ് കാണിച്ചിരിക്കുന്നത്. .അതുപോലെ Kannur Goat Farmers Producer Company Ltd ന്റെ Cash Bill No 264 dtd 30-11-2017 പ്രകാരം 90 ആടുകളുടെ വിലയാണ് കാണിച്ചിരിക്കുന്നത്. ഈ തുകയുടെ 50 ശതമാനമാണ് സബ്സിഡിയായി നിർവഹണ ഉദ്യോഗസ്ഥൻ സ്ഥാപനത്തിന് അനുവദിച്ചിരിക്കുന്നത്. എന്നാൽ ഗുണഭോക്താവ് നൽകിയ തുകയ്ക്കുള്ള രശീതി സ്ഥാപനം

നൽകിയതിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല. വിലചീറ്റ് മാത്രമാണ് ലഭ്യമാക്കിയത്. വിലചീറ്റ് പ്രകാരം ആടിന്റെ മുഴുവൻ വിലയും ഗുണഭോക്താവ് നൽകിയതായും അർഹമായ സബ്സിഡി തുക അനുവദിക്കണമെന്ന അപേക്ഷയും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ സബ്സിഡി തുക ആടിനെ വിറ്റ Kannur Goat Farmers Producer Company Ltd നം ശ്രീ.നസീർ പി.വി , പുതിയവീട്ടിൽ,പേരാവൂർ മേലെമുരിങ്ങോടി എന്നവർക്കുമണ് നൽകിയിരിക്കുന്നത്. Kannur Goat Farmers Producer Company Ltd ന്റെ ബില്ലിലെ നിർവഹണോദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ പ്രകാരം പർച്ചേസിംഗ് കമ്മിറ്റി നേരിട്ടാണ് ആടിനെ വാങ്ങിയത് . കൂടാതെ ഈ വിലചീറ്റിൽ ആടിന്റെ തൂക്കം ,പ്രായം ,ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥ ഉറപ്പാക്കിയതിന്റെ വിവരം ഇല്ല.

3) സ.ഉ (എം.എസ് ) നമ്പർ .80/2017 തസ്വഭവ .തീയതി 03-04-2017 ഖണ്ഡിക 8.2.2 മാനദണ്ഡപ്രകാരം 6 – 8 മാസമെങ്കിലും പ്രായമുള്ളവയായിരിക്കണം എന്നും 12kg എങ്കിലും ഭാരം ഉള്ളവയായിരിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ അപാകങ്ങളുള്ളതിനാലും വാങ്ങിയ ആടിന്റെ പ്രായം ഗുണനിലവാരം എന്നിവ യഥാർത്ഥ സമയത്ത് മെഡിക്കൽ ഓഫീസർ വിലചീറ്റിൽ രേഖപ്പെടുത്താത്തതിനാൽ ഗുണഭോക്താവിന് സ്ഥാപനത്തിൽ നിന്നും നൽകിയ വിലചീറ്റിലെ തുകയും പ്രായവും മാത്രമേ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. പ്രൊജക്റ്റ് പ്രകാരം ആറു മുതൽ എട്ട് മാസം വരെ പ്രായമുള്ള രണ്ട് പെണ്ണാടുകളെ ഗുണഭോക്താവ് വാങ്ങേണ്ടതാണ് എന്ന് പ്രൊജക്റ്റിൽ വ്യക്തമാക്കിയിട്ടുള്ളതിനാലും ജില്ലാ സാങ്കേതിക വിദഗ്ദ സമിതി നിർണ്ണയിച്ച യൂണിറ്റ് കോസ്റ്റ് അടിസ്ഥാനത്തിലുള്ള സബ്സിഡിയായ5 – 6 മാസം പ്രായമുള്ളതും 10 kg ശരീര തൂക്കമുള്ളതുമായ മലബാറി/സങ്കരയിനം ആടിന് ₹5000 യും 7 മാസം മുതൽ ആദ്യ പ്രസവത്തിന് മുമ്പ് വരെയുള്ളതിന് ₹8000 വും എന്ന നിരക്കിൽ മാത്രമേ സബ്സിഡി അനുവദിക്കാൻ പറ്റുകയുള്ളൂ . ആയതിനാൽ അധികം അനുവദിച്ച ₹75000 സബ്സിഡി ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാങ്ങിയ ആടുകളുടെ പ്രായം | വാങ്ങിയ തുക | അനുവദിച്ച സബ്സിഡി | സബ്സിഡിക്ക് അനുവദിക്കാവുന്ന വില | അനുവദിക്കാവുന്ന സബ്സിഡി | അധികം അനുവദിച്ച സബ്സിഡി |
|---|---|---|---|---|---|---|---|
| 1 | കദീജ.പി.കെ | 11, 6 മാസം | 16000 | 8000 | 13000 | 6500 | 1500 |
| 2 | ലനില.കെ.എം | 11, 6 | 16000 | 8000 | 13000 | 6500 | 1500 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | മാസം | | | | | |
| 3 | ജാനു ആലക്കാടൻ | 10, 6 മാസം | 16000 | 8000 | 13000 | 6500 | 1500 |
| 4 | കദീസുമ്മ | 10, 6 മാസം | 16000 | 8000 | 13000 | 6500 | 1500 |
| 5 | റംല , | 11, 6 മാസം | 16000 | 8000 | 13000 | 6500 | 1500 |
| 6 | റീജ | 6 മാസം | 16000 | 8000 | 10000 | 5000 | 3000 |
| 7 | സാജിത.എം | 1വയസ്സ്, 6 മാസം | 18000 | 9000 | 13000 | 6500 | 2500 |
| 8 | പ്രീത.സി | 1വയസ്സ് | 20000 | 10000 | 16000 | 8000 | 2000 |
| 9 | മാധവി.കെ | ഒന്നര വയസ്സ് | 20000 | 10000 | 16000 | 8000 | 2000 |
| 10 | സൈനബ | 6 മാസം | 16000 | 8000 | 10000 | 5000 | 3000 |
| 11 | ജാനു.പി | 1വയസ്സ്, 6 മാസം | 18000 | 9000 | 13000 | 6500 | 2500 |
| 12 | സുശീല കെ.പി | 11, 6 മാസം | 16000 | 8000 | 13000 | 6500 | 1500 |
| 13 | മിയം എം.കെ | 6,9 മാസം | 16000 | 8000 | 13000 | 6500 | 1500 |
| 14 | രേഷ്മ കെ | 10, 6 മാസം | 16000 | 8000 | 13000 | 6500 | 1500 |
| 15 | വസന്ത.എൻ.ടി | 7,6മാസം | 16000 | 8000 | 13000 | 6500 | 1500 |
| 16 | ലീന.കെ | 7,6മാസം | 16000 | 8000 | 13000 | 6500 | 1500 |

| | | | | | | | |
|---|---|---|---|---|---|---|---|
| 17 | രോഹിണി എ.ടി | 6.ആറര മാസം | 16000 | 8000 | 10000 | 5000 | 3000 |
| 18 | സുജാത.പി.വി | 6,7 മാസം | 16000 | 8000 | 13000 | 6500 | 1500 |
| 19 | ഉഷ.പി | 6,7 മാസം | 16000 | 8000 | 13000 | 6500 | 1500 |
| 20 | അഞ്ജലി.കെ.ഇ | 6,7 മാസം | 16000 | 8000 | 13000 | 6500 | 1500 |
| 21 | ജസീല പി | 1വയസ്സ്, 6 മാസം | 16000 | 8000 | 13000 | 6500 | 1500 |
| 22 | സുജാത.പി.വി | 6,8മാസം | 16000 | 8000 | 13000 | 6500 | 1500 |
| 23 | വനജ അണിയേരി | 6 മാസം | 16000 | 8000 | 10000 | 5000 | 3000 |
| 24 | മഹിജ കെ | 1വയസ്സ്, 7 മാസം | 18000 | 9000 | 16000 | 8000 | 1000 |
| 25 | റുഖിയ.പി.പി | 1വയസ്സ്, 8 മാസം | 18000 | 9000 | 16000 | 8000 | 1000 |
| 26 | ആസ്യ.പി.എം | 1,ഒന്നര വയസ്സ് | 18000 | 9000 | 16000 | 8000 | 1000 |
| 27 | വിജയലക്ഷ്മി.എൻ | 1വയസ്സ്, 7 മാസം | 18000 | 9000 | 16000 | 8000 | 1000 |
| 28 | ഗീത.വി | 1വയസ്സ്, 6 മാസം | 18000 | 9000 | 13000 | 6500 | 2500 |
| 29 | സുഷമ.സി | 1വയസ്സ്, 7 മാസം | 18000 | 9000 | 16000 | 8000 | 1000 |
| 30 | രാധ.കെ | 1വയസ്സ്, 6 മാസം | 18000 | 9000 | 13000 | 6500 | 2500 |

| | | | | | | | |
|---|---|---|---|---|---|---|---|
| 31 | രാധ.ടി | 1വയസ്സ്, 7 മാസം | 18000 | 9000 | 16000 | 8000 | 1000 |
| 32 | മഞ്ജുള. കെ | 1വയസ്സ്, 6 മാസം | 18000 | 9000 | 13000 | 6500 | 2500 |
| 33 | റംല.എം | 1വയസ്സ്, ആറര മാസം | 18000 | 9000 | 16000 | 8000 | 1000 |
| 34 | കാർത്ത്യായനി.വി | 1വയസ്സ്, 11മാസം | 18000 | 9000 | 16000 | 8000 | 1000 |
| 35 | നസീമ.കെ.പി | 1വയസ്സ്, 6 മാസം | 18000 | 9000 | 13000 | 6500 | 2500 |
| 36 | രോഷ്ണി.ടി | 1വയസ്സ്, 7 മാസം | 18000 | 9000 | 16000 | 8000 | 1000 |
| 37 | സുശീല.ടി | 1വയസ്സ്, 6 മാസം | 18000 | 9000 | 13000 | 6500 | 2500 |
| 38 | ഉഷ.ടി | 1വയസ്സ്, 6 മാസം | 18000 | 9000 | 13000 | 6500 | 2500 |
| 39 | റാബിയ.കെ | 1വയസ്സ്, 8മാസം | 18000 | 9000 | 16000 | 8000 | 1000 |
| 40 | ജമീല കോയിലോട് | 1വയസ്സ്, 7 മാസം | 18000 | 9000 | 16000 | 8000 | 1000 |
| 41 | സതി.സി | 1വയസ്സ്, 7 മാസം | 18000 | 9000 | 16000 | 8000 | 1000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 42 | ലക്ഷ്മി ,കെ.വി | 1വയസ്സ്, 7 മാസം | 18000 | 9000 | 16000 | 8000 | 1000 |
| 43 | ആസ്യമ്മ | 1വയസ്സ്, 7 മാസം | 18000 | 9000 | 16000 | 8000 | 1000 |
| 44 | സുലൈഖ .വി.കെ | 1വയസ്സ്, 6 മാസം | 18000 | 9000 | 13000 | 6500 | 2500 |
| ആകെ | | | | | | | 75000 |

## 3-8 കറവപ്പശു വിതരണം -- ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് സബ്സിഡി അനുവദിച്ചു ചെലവ് തുക ₹25000നിരാകരിക്കുന്നു

നിർവഹണ ഉദ്യോഗസ്ഥ : വെറ്റിനറി സർജൻ

പ്രൊജക്റ്റ് : 72/18 --കറവപ്പശു വിതരണം

അടങ്കൽ :₹500000 വികസന ഫണ്ട്

: ₹500000 ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത് )

: ₹10,00,000

ചെലവ് : ₹ 5,00,000വികസന ഫണ്ട്

ബിൽ നമ്പർ : P3 /17-18 dtd 10-01-2018 – ₹2,50,000

: P6 /17-18 dtd 18-01-2018 –₹1,75,000

: P9 /17-18 dtd 27-02-2018 -- ₹ 75,000

20 ഗുണഭോക്താക്കൾക്ക് ബേങ്ക് ലോണിന്റെ സഹായത്തോടുകൂടി പർച്ചേസിംഗ് കമ്മിറ്റി മുഖാന്തിരം പശുക്കളെ വാങ്ങുന്നതിനാണ് മേൽ പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. 20 ഗുണഭോക്താക്കളും ₹50000 വിലയുള്ള പശുക്കളെയാണ് വാങ്ങിയിരിക്കുന്നത് . ഇതിന്റെ 50% ആയ ₹500000 (25000 x20) ലോൺ അനുവദിച്ച ബാങ്കുകളായ മാങ്ങാട്ടിടം സർവ്വീസ് സഹകരണ ബാങ്കിനും ( ₹3,50,000 ) കണ്ടംകുന്ന് സർവ്വീസ് സഹകരണ ബാങ്കിനും (₹1,50,000) അനുവദിച്ചു. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ 70പേരുള്ളതിൽ 20പേർക്ക് മാത്രമേ ആനുകൂല്യം നൽകിയിട്ടുള്ളൂ. എന്നാൽ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത ഗുണഭോക്താവായ ജ്യോതിലക്ഷ്മി .പി.വി. എന്നവർക്ക് ആനുകൂല്യം നൽകി.

2.മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പാണ് മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ പഞ്ചായത്ത് പ്രസിഡണ്ട്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവരാണ് മോണിറ്ററിംഗ് നടത്തി മോണിറ്ററിംഗ് റിപ്പോർട്ടിൽ ഒപ്പിട്ടിരിക്കുന്നത്. സ.ഉ (എം.എസ് )നമ്പർ.72/2017/ തസ്വഭവ, തീയതി 29-03-2017 ഖണ്ഡിക 14.6.1 പ്രകാരം പ്രൊജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ് അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്എന്നും മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ് എന്നും 14.6.2 പ്രകാരം വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനറായി മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതും ഇങ്ങനെ തീരുമാനിച്ച കാര്യം സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതുമാണ് എന്നും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഉത്തരവുകൾക്ക് വിരുദ്ധമായ മോണിറ്ററിംഗ് റിപ്പോർട്ടാണ് ഹാജരാക്കിയിട്ടുള്ളത്. അപാകങ്ങൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി ( നം 17/ 22-11-2018) ക്കുള്ള മറുപടിയിൽ ജ്യോതിലക്ഷ്മി .പി.വി. ഗ്രാമസഭയുടെ മിനുട്സിലുൾപ്പെട്ട വ്യക്തിയാണെന്ന് അറിയിക്കുകയുണ്ടായി എന്നാൽ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ ഭരണ സമിതി അംഗികരിച്ച മുൻഗണന ലിസ്ററിൽ ഗുണഭോക്താവ് ഉൾപ്പെട്ടിട്ടുമില്ല. ആയതിനാൽ സബ്സിഡി ഇനത്തിൽ നൽകിയ ₹25000 നിരാകരിക്കുന്നു. തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-9 കന്നുകുട്ടി പരിപാലനം - വിനിയോഗ പത്രം ഹാജരാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥ : വെറ്ററിനറി സർജൻ

| | |
|---|---|
| പ്രൊജക്ട് | : 73/18 --കന്നുകുട്ടി പരിപാലനം |
| അടങ്കൽ | :₹581250 വികസന ഫണ്ട് |
| | : ₹675000 ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത് ) |
| | : ₹93750 സംസ്ഥാനാവിഷ്കൃതം |
| ആകെ | : ₹13,50,000 |
| ചെലവ് | : ₹581250 വികസന ഫണ്ട് |
| ബിൽ നമ്പർ | :1) P8 /17-18 dtd 27-02-2018 - ₹93,750 |
| | :2) P10 /17-18 dtd 08-03-2018 – ₹4,37,500 |
| | :3) P15 /17-18 dtd 28-03-2018 – ₹50,000 |

കന്നുകുട്ടി പരിപാലനം പദ്ധതിയിൽ ഉൾപ്പെട്ട 15 ഗുണഭോക്താക്കളുടെ പഞ്ചായത്ത് വിഹിതമായ ₹93,750 യും 39 ഗുണഭോക്താക്കളുടെ പഞ്ചായത്ത് വിഹിതവും സംസ്ഥാന വിഹിതവും കൂടി ആകെ ₹4,87,500 എസ്.എൽ,ബി.പി,ഡെപ്യൂട്ടി ഡയരക്ടർ, കണ്ണൂരിന് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

മുൻ വർഷങ്ങളിലും ഈ ഇനത്തിൽ നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പദ്ധതി പൂർത്തീയാക്കിയതിന് ശേഷം ലഭ്യമാക്കേണ്ടതും കൂടാതെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കിയതിന് ശേഷവും തുക ചെലവഴിക്കാതെ ബാക്കിയുണ്ടെങ്കിൽ ആയത് തിരിച്ചടച്ച് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 3-10 കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം - സ്റ്റോക്ക് വിവരം, വിതരണ രജിസ്ററർ, എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല.

നിർവഹണ ഉദ്യോഗസ്ഥ : വെറ്ററിനറി സർജൻ

പ്രൊജക്ട് : 93/18 – കറവപ്പശുക്കൾക്ക് കാലിത്തീറ്റ

അടങ്കൽ : ₹12,81,745 വികസന ഫണ്ട്

: ₹12,81,745 ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ ഒടുക്കുന്നത്)

ആകെ : ₹25,63,490

ചെലവ് : ₹12,81,745 വികസന ഫണ്ട് ,

ബിൽ നമ്പർ : P2/17-18 dtd 26-10-2017– ₹3,70,220

: P4 /17-18 dtd 10-01-2018 – ₹3,56,435

: P5 /17-18 dtd 18-01-2018 – ₹2,73,345

: P14 /17-18 dtd 27-03-2018 -₹2,81,745

ചെലവ് : ₹12,81,745 ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ ഒടുക്കുന്നത്)

: ചെക്ക് നമ്പർ 2695239 dtd 27-10-2017 -- ₹3,70,220

: ചെക്ക് നമ്പർ 2695257 dtd 23-12-2017 -- ₹3,56,435

: ചെക്ക് നമ്പർ 2695268 dtd 23-01-2018 -- ₹2,73,345

: ചെക്ക് നമ്പർ 7724630 dtd 31-03-2017-- ₹2,81,745

ആകെ : ₹25,63,490

കറവപ്പശുക്കളുള്ള 200കർഷകർക്ക് ഒരു മാസം 100 കി.ഗ്രാം കാലിത്തീറ്റ 50% സബ്സിഡി നിരക്കിൽ ക്ഷീരസഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് സഹകരണ സംഘങ്ങളുമായി നിർവഹണ ഉദ്യോഗസ്ഥ കരാറിൽ ഏർപ്പെട്ടുകയും ഇതുപ്രകാരം കേരള ഫീഡ്സിൽ നിന്നും ലഭിക്കുന്ന കാലിത്തീറ്റ നേരിട്ട് സഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കി സഹകരണ സംഘങ്ങൾ വിതരണം ചെയ്യുകയുമാണുണ്ടായത്. ലഭ്യമാക്കിയ കാലിത്തീറ്റയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ തീയതി | അളവ് (50kg Bag)/ എണ്ണം | ക്ഷീരസഹകരണ സംഘം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | KFLPI-17-18-023170 dtd 17-10-2017 | 300 | ശങ്കരനെല്ലൂർ ക്ഷീരസഹകരണ സംഘം |
| 2 | KFLPI-17-18-023288 dtd 17-10-2017 | 142 | ശങ്കരനെല്ലൂർ ക്ഷീരസഹകരണ സംഘം |
| 3 | KFLPI-17-18-023289dtd 17-10-2017 | 160 | ആയിത്തറ ക്ഷീരസഹകരണ സംഘം |
| 4 | KFLPI-17-18-023262dtd 17-10-2017 | 90 | ആയിത്തറ ക്ഷീരസഹകരണ സംഘം |
| 5 | Performa Invoice No.KFL/430/99<br>dtd 24-11-2017 | 682 | ആർക്ക് നൽകി എന്ന് വ്യക്തമല്ല |
| 6 | KFLPI-17-18-031529 dtd 19-12-2017 | 31 | ശങ്കരനെല്ലൂർ ക്ഷീരസഹകരണ സംഘം |
| 7 | KFLPI-17-18-031419 dtd 18-12-2017 | 300 | ആർക്ക് നൽകി എന്ന് വ്യക്തമല്ല |
| 8 | KFLPI-17-18-031383 dtd 18-12-2017 | 218 | ആർക്ക് നൽകി എന്ന് വ്യക്തമല്ല |
| 9 | KFLPI-17-18-039855dtd 19-02-2018 | 105 | ആയിത്തറ ക്ഷീരസഹകരണ സംഘം |
| 10 | KFLPI-17-18-037639 dtd 05-02-2018 | 100 | ആയിത്തറ ക്ഷീരസഹകരണ സംഘം |
| 11 | KFLPI-17-18-037318 dtd 01-02-2018 | 300 | ശങ്കരനെല്ലൂർ ക്ഷീരസഹകരണ സംഘം |
| 12 | KFLPI-17-18-039854dtd 19-02-2018 | 38 | ശങ്കരനെല്ലൂർ ക്ഷീരസഹകരണ സംഘം |
| ആകെ | | 2466 | |

<u>പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ .</u>

1). കാലിത്തീറ്റ ലഭിച്ചതിന്റെ കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല:- .ഇൻവോയ്സ് പ്രകാരം 2466 ബാഗ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഓഡിറ്റിന് ലഭ്യമാക്കിയ വിതരണ രജിസ്റ്റർ പ്രകാരം ആയിത്തറ ക്ഷീരസഹകരണ സംഘം 918 ബാഗും ശങ്കരനെല്ലൂർ ക്ഷീരസഹകരണ സംഘം 1538 ബേഗും കൂടി ആകെ 2456 ബാഗ് കാലിത്തീറ്റ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ (17-05-2018 ലെ 78/18 നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് മാനേജർ, കേരള ഫീഡ്സിന് ലഭ്യമാക്കിയ വിവര പ്രകാരം, ആയത് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്). ഇതിൽ നിന്നും ഇൻവോയ്സ് പ്രകാരം 2466 ബാഗ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും 2456 ബാഗ് മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ

2). ഓഡിറ്റിന് ഹാജരാക്കിയ വിതരണ രജിസ്റ്റർ ആര് തയ്യാറാക്കിയതാണെന്ന് വ്യക്തമല്ല.

3).കാലിത്തീറ്റ കൃത്യമായി ലഭിച്ചിട്ടുണ്ട് എന്നും വിതരണം ചെയ്തിട്ടുണ്ട് എന്നും നിർവഹണ ഉദ്യോഗസ്ഥ വിതരണ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4). സർക്കാർ മാർഗനിർദ്ദേശ പ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ടില്ല:-. മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പാണ് മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ പഞ്ചായത്ത് പ്രസിഡണ്ട്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവരാണ് മോണിറ്ററിംഗ് നടത്തി മോണിറ്ററിംഗ് റിപ്പോർട്ടിൽ ഒപ്പിട്ടിരിക്കുന്നത്. സ.ഉ (എം.എസ് )നമ്പർ.72/2017/ തസ്വഭവ, തീയതി 29-03-2017 ഖണ്ഡിക 14.6.1 പ്രകാരം പ്രൊജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ് അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്എന്നും മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ് എന്നും 14.6.2 പ്രകാരം വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനറായി മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതും ഇങ്ങനെ തീരുമാനിച്ച കാര്യം സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതുമാണ് എന്നും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഉത്തരവുകൾക്ക് വിരുദ്ധമായ മോണിറ്ററിംഗ് റിപ്പോർട്ടാണ് ഹാജരാക്കിയിട്ടുള്ളത്. .

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ അംഗീകരിക്കുന്നുവെന്നും വിതരണ രജിസ്റ്റർ സാക്ഷ്യപ്പെടുത്തലുകൾ നടത്തി ഹാജരാക്കുന്നതാണെന്നും ഇൻവോയ്സ് പ്രകാരം 2466 ബാഗുകൾ ഉണ്ടെങ്കിലും 2456 ബാഗിന്റെ വില മാത്രമേ ഒടുക്കിയിട്ടുള്ളൂ എന്നും മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിക്കുന്നതാണ് എന്നുമാണ്. സ്റ്റോക്ക് രജിസ്റ്ററും, വിതരണ രജിസ്റ്ററും നിർവഹണ ഉദ്യോഗസ്ഥ സൂക്ഷിക്കാതെ വിതരണം ചെയ്യുന്ന ക്ഷീരസഹകരണ സംഘങ്ങളെയാണ് ഏല്പിച്ചിരിക്കുന്നത് . ഇവ കൃത്യമായി പരിശോധിക്കാതെയാണ് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി വെച്ചിരിക്കുന്നത് . ഇത് കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല എന്നതിന്റെ തെളിവാണ്. പദ്ധതി നിർവഹണ ഘട്ടത്തിൽ നടക്കേണ്ടതാണ് മോണിറ്ററിംഗ് എന്നും ഓഡിറ്റിന് വേണ്ടി മാത്രം തയ്യാറാക്കി വെക്കുന്ന വെറുമൊരു റിപ്പോർട്ട് മാത്രമായി മോണിറ്ററിംഗ് എന്ന പ്രക്രിയ ചുരുങ്ങി പോകുന്നു എന്ന കാര്യവും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു

## 3-11 പ്ലാസ്റ്റിക് മാലിന്യ ശേഖരണ പരിപാടി- നടത്തിപ്പിലെ അപാകങ്ങൾ ചെലവ് തുക ₹64200 തടസ്സപ്പെടുത്തുന്നു.

നിർവഹണോദ്യോഗസ്ഥൻ : വി.ഇ.ഒ,

പ്രൊജക്ട് : 96/18 - പ്ലാസ്റ്റിക് മാലിന്യ ശേഖരണ പരിപാടി

അടങ്കൽ : ₹156400- തനത് ഫണ്ട്

ചെലവ് : ₹64200 ചെക്ക് നം. 016726 dtd 31-08-2017

പ്ലാസ്റ്റിക് മാലിന്യ ശേഖരണ പരിപാടിയുമായി ബന്ധപ്പെട്ട് വളണ്ടിയർമാർക്ക് ഹോണറേറിയം നൽകുന്നതിനും വാഹനവാടക നൽകുന്നതിനുമാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് . ഇതുപ്രകാരം ജൂൺ, , ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ ഹോണറേറിയവും വാഹന വാടകയുമാണ് നൽകിയിരിക്കുന്നത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട മസ്റ്റർ റോൾ, ട്രിപ്പ് ഷീറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. അതുകൊണ്ട് എത്ര ദിവസത്തെ ഹോണറേറിയമാണ് നൽകിയത് എന്നും എത്ര നിരക്കിലാണ് നൽകിയത് എന്നും വ്യക്തമല്ല. കൂടാതെ നിർവഹണോദ്യോഗസ്ഥൻ തന്നെ തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിക്ക് വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ നോട്ടീസ്, ക്വട്ടേഷന്റെ പകർപ്പ് , മസ്റ്റർ റോൾ, ഹോണറേറിയം അനുവദിക്കുന്ന സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കുകയുണ്ടായി. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷനിൽ വാടക മാസത്തേക്കാണോ, ദിവസത്തേക്കാണോ ക്വോട്ട് ചെയ്യേണ്ടത് എന്ന് വ്യക്തമല്ല. ക്വട്ടേഷനിൽ കാണിച്ചിരിക്കുന്നത് ഒരു മാസത്തെ നിരക്കാണ്. കുറവ് തുക ക്വാട്ട് ചെയ്ത (മാസത്തിൽ ₹7000) ശ്രീ.കെ.മോഹനൻ. ശ്രീനിലയം ,ആയിത്തറ എന്നയാൾക്കാണ് തുക അനുവദിച്ചിരിക്കുന്നത്. എന്നാൽ ക്വട്ടേഷൻ പ്രോക്വയർമെന്റ് കമ്മിറ്റിയിൽ വരികയോ, ഭരണസമിതി അംഗീകരിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മാസത്തിൽ എത്ര ദിവസം ഓടണമെന്ന് സംബന്ധിച്ച് ക്വട്ടേഷനിൽ വ്യക്തമാക്കുകയോ ശ്രീ.കെ.മോഹനൻ എന്നിവരുമായി കരാർ ചമക്കുകയോ ചെയ്തിട്ടില്ല. ലഭ്യമാക്കിയ മസ്റ്റർ റോളിൽ ശ്രീ.കെ.മോഹനൻ ജൂൺ മാസം 1,8,12,14,21 എന്നീ തീയതികളിലും ജൂലൈ മാസം 5ാം തീയതിയും ഹാജർരേഖപ്പെടുത്തിയിട്ടുണ്ട് .ആഗസ്ത് മാസം ഹാജർ രേഖപ്പെടുത്തിയിട്ടുമില്ല. കൂടാതെ ഈ മാസങ്ങളിലെ ട്രിപ്പ് ഷീറ്റ് ലഭ്യമാക്കിയിട്ടുമില്ല. എന്നാൽ മാസത്തേക്ക് ₹7000 വീതം മൂന്ന് മാസത്തേക്ക് ₹21000 അനുവദിച്ചിട്ടുണ്ട് .

2)ഹോണറേറിയം അനുവദിക്കുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം സി.വസന്ത, സി.രമ, പി.റീന എന്നിവർക്ക് മൂന്ന് മാസത്തേക്ക് ₹14400 ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവർക്ക് മാസത്തിൽ അനുവദിക്കുന്ന നിരക്ക് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ മസ്റ്റർ റോൾ പ്രകാരം മുഴുവൻ ദിവസവും ജോലിക്ക് ഹാജരായിട്ടുമില്ല. എന്നാൽ എല്ലാവർക്കും ഒരുപോലെയാണ് തുക അനുവദിച്ചിരിക്കുന്നത്. ഹാജർ സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പേര് | ഹാജരായ മാസവും / ദിവസം |
|---|---|---|

| | | ജൂൺ | ജൂലൈ | ആഗസ്റ്റ് |
|---|---|---|---|---|
| 1 | സി.വസന്ത | 24 | 1 | 22 |
| 2 | സി.രമ | 25 | 22 | 13 |
| 3 | പി.റീന | 25 | 23 | 22 |

3)മോണിറ്ററിംഗ് നടപടിക്രമം പാലിച്ചിട്ടില്ല :-സ.ഉ (എം.എസ് )നമ്പർ.72/2017/ തസ്വഭവ, തീയതി 29-03-2017 ഖണ്ഡിക 14.6.2 പ്രകാരം വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനറായി മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതും ഇങ്ങനെ തീരുമാനിച്ച കാര്യം സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ നിർവഹണ ഉദ്യോഗസ്ഥൻ തന്നെയാണ് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

മേൽ അപാകങ്ങൾ കാരണം ചെലവ് തുക ₹64200 തടസ്സപ്പെടുത്തുന്നു. ഈ വിഷയം സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-12 ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

നിർവഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

പ്രോജക്ട് : 11/18 ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി .

അടങ്കൽ : ₹786672 വികസന ഫണ്ട്

ചെലവ് : ബിൽ നം . 4/17-18 dt 25-01-2018 - ₹ 4,00,000

: ബിൽ നം . 7/17-18 dt 08-03-2018 - ₹ 86,672

: ബിൽ നം .10/17-18 dt 28-03-2018 – ₹ 69276

: ബിൽ നം. 08/17-18 dt 08.03.18 – ₹ 20000

ആകെ : ₹575948

ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി, ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവർക്ക് അധിക ഗഡു നൽകുന്നതിനുള്ള പ്രൊജക്ടാണിത് . ഗുണഭോക്തൃ പട്ടികയിൽ 6 പേരാണ് ഉള്ളത് . ഇതിൽ ഉൾപ്പെട്ട 2 പേരായ ശ്രീമതി പനോളി സൗദാമിനി, ശ്രീ.ബാലകൃഷ്ണൻ വടക്കയിൽ, എന്നിവർക്ക് അർഹമായ മുഴവൻ ഗഡുവും 2017-18 ൽ തന്നെ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വീട് പൂർത്തിയാക്കി എന്നതിന് തെളിവായി രേഖകളൊന്നും

ഹാരാക്കിയിട്ടില്ല. ആയതിനാൽ രണ്ട് പേർക്ക് നൽകിയ ചെലവ് തുകയായ ₹ 1,60,000 തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. പ്രസ്തുത വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-13 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് - ഗുണഭോക്താക്കളെ ഗ്രാമസഭ, ഭരണസമിതി എന്നിവ അംഗീകരിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥ : ഹെഡ് മിസ്ട്രസ്സ്

പ്രൊജക്ട് : 51/18ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്

അടങ്കൽ : ₹5,00,000 - വികസന ഫണ്ട്

: ₹2,00,000 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം

: ₹2,00,000 - ജില്ലാ പഞ്ചായത്ത് വിഹിതം

ആകെ : ₹9,00,000

ചെലവ് : ₹445800 - ബിൽ നം 3/17-18 dtd 31-10-2018

: ₹54200 - ബിൽ നം 5/17-18 dtd 09-02-2018

: ₹1,68,700 – ചെക്ക് നമ്പർ 2695270 dtd 30-01-2018

: ₹2,00,000 – ചെക്ക് നമ്പർ 2695292 dtd 17-03-2018

: ₹31300 – ചെക്ക് നമ്പർ 2695294 dtd 23-03-2018

ആകെ : ₹9,00,000

മേൽ പ്രൊജക്ട് പ്രകാരം 84 പേർക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളെ ഗ്രാമസഭ, ഭരണസമിതി എന്നിവ അംഗീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഗ്രാമസഭ, ഭരണസമിതി എന്നിവയിൽ അംഗീകരിക്കാൻ വിട്ടുപോയി എന്നും അംഗീകാരം നേടുന്നതാണ് എന്നുമാണ് അറിയിച്ചത് . ആയതിനാൽ ചെലവ് തുക ₹9,00,000 തടസ്സപ്പെടുത്തുന്നു.

## 3-14 ഗ്രന്ഥശാല ,വായനശാല എന്നിവയ്ക്ക് പത്രമാസികകൾ നൽകൽ - അപാകങ്ങൾ

നിർവഹണ ഉദ്യോഗസ്ഥ : ഹെഡ് മിസ്ട്രസ്സ്

പ്രൊജക്ട് : 84//18 ഗ്രന്ഥശാല ,വായനശാല എന്നിവയ്ക്ക് പത്രമാസികകൾ നൽകൽ

അടങ്കൽ : ₹166872 വികസന ഫണ്ട്

: ₹ 62288 മറ്റുള്ളവ

ആകെ : ₹ 229160

ചെലവ് : ₹1,09,500 - ബിൽ നം . 6/17-18 dt 15-03-2018

: ₹ 57,372 - ബിൽ നം . 9/17-18 dt 28-03-2018 -

ആകെ : ₹1,66,872

ഗ്രന്ഥശാലകൾ, വായനശാലകൾ എന്നിവയ്ക്ക് പത്രമാസികകൾ വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇതുപ്രകാരം ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ₹ 4500 ഉം മറ്റ് വായനശാലകൾ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ, സാംസ്കാരിക കേന്ദ്രങ്ങൾ, പഠനകേന്ദ്രങ്ങൾ മുതലായവയ്ക്ക് ₹3000 വീതവും കേരള സീനിയർ സിറ്റിസൺ ഫോറങ്ങൾക്ക് ₹2400 വീതവും പത്രം വാങ്ങിയതിന് തുക അനിവദിച്ചിട്ടുണ്ട്. പത്രം കൂടാതെ മാസികകളായ തത്തമ്മ, ശാസ്ത്രകേരളം, ദ്വൈവാരികയായ യുറീക്ക എന്നിവ ദേശാഭിമാനി കണ്ണൂർ, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് എന്നിവ വഴി നിർവഹണ ഉദ്യോഗസ്ഥ വിതരണം ചെയ്തതിന് തുക പ്രസ്തുത സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. മാസികകൾ, ദ്വൈവാരിക എന്നിവ സ്ഥാപനങ്ങൾക്ക് കൃത്യമായി ലഭിച്ചതിന് സ്ഥാപനങ്ങൾ നൽകിയ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല . ആയതിനാൽ ഈ ഇനത്തിൽ ദേശാഭിമാനി കണ്ണൂർ (₹ 8160), കേരള ശാസ്ത്രസാഹ്യത്യ പരിഷത്ത് (₹ 15912) എന്നിവയ്ക്ക് നൽകിയ ₹24072 തടസ്സപ്പെടുത്തുന്നു. കൂടാതെ ഗ്രന്ഥശാലകൾ, വായനശാലകൾ എന്നിവയ്ക്ക് പുറമെയുള്ള സ്ഥാപനങ്ങൾക്ക് മാസികകൾ ലഭ്യമാക്കുന്നതിന്റെ അനൗചിത്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 3-15 വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം - പ്രൊജക്ട് പൂർത്തിയാകുന്നതിന് മുമ്പേ മുഴുവൻ തുകയും നൽകി- ചെലവ് തുക ₹1,80,000 തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥ : ഹെഡ് മിസ്ട്രസ്സ്

പ്രൊജക്ട് : 87/18വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകൽ

അടങ്കൽ : ₹1,80,000 വികസന ഫണ്ട്

ചെലവ് :₹1,80,000 ബിൽ നം. 8/17-18 dtd 20-03-2018

സ.ഉ(എം.എസ്) നമ്പർ 80/2017 തസ്വഭവ .തീയതി 03-04-2017 ഖണ്ഡിക 32.11.2 പ്രകാരം ഒരു പഞ്ചായത്തിൽ ഒരു നീന്തൽ കുളവും വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനവും നടത്തുന്നതിന് പദ്ധതി തയ്യാറാക്കാവുന്നതാണ്. എന്നാൽ മേൽ പ്രൊജക്ട് പ്രകാരം മാങ്ങാട്ടിടം പഞ്ചായത്തിലെ യു.പി, എച്ച്.എസ് വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലിപ്പിക്കുന്നതിന് അംഗീകൃത ഏജൻസിയെ തെരഞ്ഞെടുത്ത് പരിശീലനം നൽകാൻ ഒരു പരിശീലകന് മാസം ₹6000 വെച്ച് 3 മാസത്തേക്ക് ₹18000 വും ആകെ 10 പരിശീലകർക്ക് ₹180000 ആണ് വകയിരുത്തിയിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ബീന.കെ, ജി.സി.ടി ഓലായ്ക്കര എന്നവർ നൽകിയ ജി.സി.ടി ഓലായിക്കര എന്ന സ്ഥാപനത്തിന്റെ ₹180000 ടെണ്ടർ 21-08-2017 ലെ 5/123/17 (4) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ടെണ്ടറിൽ 400 കുട്ടികൾക്ക് 3 മാസത്തെ ശാസ്ത്രീയ നീന്തൽ പരിശീലനം നൽകും എന്ന് കാണിച്ചിട്ടുണ്ട്. കൂടാതെ 22-09-2017 ൽ നിർവഹണ ഉദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ്സുമായി ചമച്ച കരാറിലും ഈ പദ്ധതി പ്രകാരം 400 സ്കൂൾ കുട്ടികൾക്ക് 3 മാസത്തെ

ശാസ്ത്രീയ നീന്തൽ പരിശീലനം ഓലായിക്കര ജി.സി.ടി. സ്വിമ്മിംഗ് പൂളിൽ വെച്ച് നൽകുന്നതാണ് എന്നും പഠിച്ച കുട്ടികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ് എന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.പ്രൊജക്ട് പ്രകാരം 3 മാസത്തെ ശാസ്ത്രീയ നീന്തൽ പരിശീലനത്തിനാണ് തുക വകയിരുത്തിയിരിക്കുന്നത് എന്നാൽ ഒരു കുട്ടിക്ക് 10 ദിവസത്തെ പരിശീലനം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

2. ജി.സി.ടി . ഓലായിക്കര എന്ന സ്ഥാപനത്തിനാണ് ടെണ്ടർ അനുവദിച്ചിട്ടുള്ളത്. സ്ഥാപനത്തിനുവേണ്ടി ബീന. കെ , എന്നവരാണ് കരാറിൽ ഒപ്പുവെച്ചിട്ടുള്ളത്. സ്ഥാപനത്തിന്റെ അക്കൗണ്ടിൽ തുക അനുവദിക്കേണ്ടതിനുപകരം 30-09-2017 മുതൽ 31-12-2017 വരെ 400 കുട്ടികളെ ജി.സി.ടി . ഓലായിക്കര ഇക്കോഫ്രണ്ടലി സ്വിമ്മിംഗ് പൂളിൽ വെച്ച് നീന്തൽ പഠിപ്പിച്ചതിന്റെ ചെലവായ തുക അനുവദിക്കണമെന്ന 14-01-2017 ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ബീന.കെ., നവജ്യോതി, ഓലായിക്കര, പാച്ചപൊയ്ക പി.ഒ. എന്നവരുടെ പേരിൽ കതിരൂർ സർവീസ് സഹകരണ ബാങ്ക് പാച്ചപൊയ്ക ശാഖയിലുള്ള VKSB 040010004172 അക്കൗണ്ടിലാണ് തുക അനുവദിച്ചിട്ടുള്ളത്.

3. നീന്തൽ പരിശീലനത്തിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ ഗ്രാമസഭ, ഭരണസമിതി എന്നിവ അംഗീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

4. പഠിച്ച കുട്ടികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ് എന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മുഴുവൻ കുട്ടികളും നീന്തൽ പഠിച്ചിട്ടുണ്ട് എന്നും എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്താതെയാണ് പദ്ധതിയിൽ വകയിരുത്തിയ മുഴുവൻ തുകയും നൽകിയിട്ടുള്ളത്.

5. പ്രൊജക്ട് മോണിറ്ററിംഗ് ഫലപ്രദമല്ല. പരിശീലനം നടന്ന തീയതികളിൽ മോണിറ്ററിംഗ് ടീമംഗങ്ങൾ പരിശീലന സ്ഥലം സന്ദർശിച്ചതായി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും എത്ര കുട്ടികൾ കൃത്യമായി നീന്തൽ പഠിച്ചിട്ടുണ്ട് എന്നകാര്യം മോണിറ്ററിംഗ് കമ്മിറ്റി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. !961ലെ ആദായനികുതി നിയമത്തിലെ 194സി വകുപ്പ് പ്രകാരം കരാറുകാരിൽ നിന്നും ഈടാക്കേണ്ട 2%ആദായനികുതി ബിൽ തുക നൽകുമ്പോൾ ഈടാക്കിയിട്ടില്ല. ആദായനികുതി ഇനത്തിൽ ഈടാക്കേണ്ട ₹3600 ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കുളത്തിൽ വെള്ളം കുറഞ്ഞതിനാൽ ആരോഗ്യ പ്രശ്നം ഉണ്ടാകുന്നതിനാൽ കുട്ടികൾക്ക് ഒരു വർഷത്തേക്ക് പാസ്സ് നൽകിയെന്നും ഈ അവസരം ഉപയോഗപ്പെടുത്തി കുറച്ച് കുട്ടികൾ ഒഴിച്ച് ബാക്കിയുള്ളവർ സർട്ടിഫിക്കറ്റുകൾ നേടിയിട്ടുണ്ടെന്നും പലകാരണങ്ങളാലും കുറച്ച് കുട്ടികൾ പങ്കെടുത്തില്ല എന്നും ഗുണഭോക്താക്കളെ ഗ്രാമസഭ, ഭരണസമിതി എന്നിവ അംഗീകരിക്കാൻ വിട്ടുപോയതാണ്എന്നും സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 400 കുട്ടികൾ നീന്തൽ അഭ്യസിച്ചിട്ടുണ്ടെന്നും 264 പേർക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട് എന്നുമാണ്. മുഴുവൻ കുട്ടികളും നീന്തൽ പഠിച്ചിട്ടുണ്ട് എന്നും എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്താതെയാണ് പദ്ധതിയിൽ വകയിരുത്തിയ മുഴുവൻ തുകയും നൽകിയത് എന്ന്

മറുപടിയിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ ചെലവ് തുക ₹1,80,000 തടസ്സപ്പെടുത്തുന്നു. ആദായനികുതി ഇനത്തിൽ ഈടാക്കേണ്ട ₹3600 ഈടാക്കി ഒടുക്ക് വിവരം ലഭ്യമാക്കേണ്ടതും എല്ലാകുട്ടികളും നീന്തൽ പഠിച്ച് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുണ്ട് എന്ന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഉറപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

## 3-16 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ മുഴുവനായും ലഭ്യമായില്ല.

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ,ആയുർവേദം

പ്രോജക്ട് നമ്പർ : 67/18

പ്രോജക്ടിന്റെ പേര് : ഗവ: ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

വകയിരുത്തിയ തുക : ₹ 357900 വികസന ഫണ്ട്

: ₹142100 തനത് ഫണ്ട്

ആകെ :₹ 5,00,000

ചെലവു തുക : ബിൽ നം 34/17-18dtd 23-10-2017 ₹ 357900

:₹142100 ചെക്ക് നം 2695265 dtd 15-01-2018

ആകെ :₹ 5,00,000

മേൽ പ്രോജക്ട് പ്രകാരം ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് ഔഷധിക്ക് ₹ 5,00,000 നൽകിയിട്ടുണ്ട്. എന്നാൽ 17-10-2018 വരെ ₹495589യുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ലഭ്യമായ മരുന്നിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ഇൻവോയിസ് നമ്പർ | തീയ്യതി | ലഭിച്ച തീയതി | ലഭിച്ച മരുന്നിന്റെ വില ₹ |
|---|---|---|---|
| 90050218 | 23-01-2018 | 29-01-2018 | 70960 |
| 90059095 | 20-03-2018 | 28-03-2018 | 62034 |
| 90059560 | 23-03-2018 | 28-03-2018 | 21137 |
| 90061056 | 30-03-2018 | 14-04-2018 | 86572 |

| | | | |
|---|---|---|---|
| 90062595 | 31-03-2018 | 14-04-2018 | 8568 |
| 90066023 | 19-05-2018 | 09-06-2018 | 85764 |
| 90068941 | 14-06-2018 | 22-06-2018 | 25748 |
| 90070494 | 28-06-2018 | 10-07-2018 | 44130 |
| 90073189 | 16-07-2018 | 24-07-2018 | 9935 |
| 90077760 | 21-08-2018 | 05-09-2018 | 1940 |
| 90074512 | 21-07-208 | 05-09-2018 | 6592 |
| 90079106 | 31-08-2018 | 05-09-2018 | 44429 |
| 90084673 | 04-10-2018 | 17-10-2018 | 1208 |
| 90081847 | 20-09-2018 | 17-10-2018 | 12817 |
| 90082363 | 25-09-2018 | 17-10-2018 | 13755 |
| ആകെ | | | 495589 |

ബിൽ നം 34/17-18dtd 23-10-2017 പ്രകാരം നൽകിയ ₹ 357900 യ്ക്ക് 24-11-2017 ലും ചെക്ക് നം 2695265 dtd 15-01-2018 പ്രകാരം നൽകിയ ₹142100 യ്ക്ക് 06-07-2018 നും ഔഷധിയുമായി കരാർ ചമച്ചിട്ടുണ്ട്. കരാർ പ്രകാരം തുക ലഭിച്ച് 60 ദിവസത്തിനകം മരുന്നുകൾ ലഭ്യമാക്കുന്നതാണെന്ന് ഔഷധി സമ്മതിച്ചിട്ടുണ്ട് . എന്നാൽ കരാർ വെച്ച് ഒരു വർഷം കഴിഞ്ഞിട്ടും മുഴവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല. ഇനിയും ₹ 4411 മരുന്ന് ലഭിക്കാനുണ്ട്. മരുന്ന് എത്രയും പെട്ടെന്ന് ലഭ്യമാക്കാണുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയം ഭരണസമിതിയുടെയും ആരോഗ്യ -വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധയിൽ പെടുത്തുന്നു.

## 3-17 ആശുപത്രിയിലേക്ക് മരുന്ന് ,ഉപകരണങ്ങൾ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

നിർവഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി മാങ്ങാട്ടിടം

താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം മാങ്ങാട്ടിടം പി.എച്ച്.സിയിലേക്ക് ഔഷധങ്ങളും മറ്റ് മെഡിക്കൽ ഉപകരണങ്ങളും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയിട്ടുണ്ട്.

1. പ്രോജക്ട് : 60/18-പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : ₹2,50,000

ചെലവ് : ₹2,50,000

ബിൽ നമ്പർ : 1) 08/17-18 dtd 06-01-2018 -- ₹41356

: 2) 15/17-18 dtd 30-01-2018 -- ₹107195

: 3) 19/17-18 dtd 23-03-2018 -- ₹76090

: 4) 21/17-18 dtd 31-03-2018 -- ₹25359

2. പ്രോജക്ട് : 70/18- പി.എച്ച്.സിക്കും, സബ് സെന്ററുകൾക്കും മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ-

ജീവിത ശൈലീ രോഗ നിയന്ത്രണം

അടങ്കൽ : ₹1,50,000

ചെലവ് : ₹1,50,000

ബിൽ നമ്പർ : 1) 09/17-18 dtd 06-01-2018 -- ₹11760

: 2) 14/17-18 dtd 30-01-2018 -- ₹49477

: 3) 22/17-18 dtd 31-03-2018 -- ₹88763

3. പ്രോജക്ട് : 59 /18- പെയിൻ & പാലിയേറ്റീവ് ഹോം കെയർ പദ്ധതി.

അടങ്കൽ : ₹5,00,000 വികസന ഫണ്ട്

: ₹1,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

: ₹1,00,000 ജില്ലാ പഞ്ചായത്ത് വിഹിതം

ആകെ : ₹7,00,000

ചെലവ് : ₹7,00,000

പെയിൻ & പാലിയേറ്റീവ് ഹോം കെയർ പദ്ധതി പ്രൊജക്ടിൽ വകയിരുത്തി താഴെ പറയും പ്രകാരം പദ്ധതിക്കാവശ്യമായ മരുന്ന് വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ /ചെക്ക് നമ്പർ/തീയതി | തുക | ഇൻവോയ്സ് നമ്പർ /തീയതി | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 04/17-18 dtd 19-10-2017 | 23075 | KZD/711/2017 dtd 27-09-2017 | 23075 |
| 2 | 06/17-18 dtd 21-10-2017 | 66600 | KZD/913/2017 dtd 26-09-2017 | 55561 |
| | | | KZD/719/2017 dtd 19-08-2017 | 11039 |
| 3 | 10/17-18 dtd 06-01-2018 | 10048 | KZD/357/2017 dtd 27-11-2017 | 10048 |
| 4 | 16/17-18dtd 30-01-2018 | 70722 | KZD/1251/2017 dtd 23-12-2017 | 23523 |
| | | | KZD/1373/2017dtd 16-01-2018 | 15049 |
| 5 | 18/17-18dtd 23-03-2018 | 21603 | KZD/1755/2017 dtd18-03-2018 | 11355 |
| | | | KZD/1771/2017 dtd 19-03-2018 | 10248 |
| 6 | 23/17-18 dtd 31-03-2018 | 447 | KZD/1817/2017 dtd23-03-2018 | 447 |
| 7 | 2695240 dtd 27-10-2017 | 56541 | KZD/708/2017 dtd 26-09-2017 | 29117 |
| | | | KZD/709/2017 dtd 26-09-2017 | 27334 |
| 8 | 2695282 dtd 06-03-2018 | 30424 | KZD/137/2017 dtd 16-01-2018 | 30424 |
| 9 | 2695298 dtd 27-03-2018 | 112874 | KZD/1773/2017 dtd 19-03-2018 | 5824 |
| | | | KZD/1755/2017 dtd 19-03-2018 | 28555 |
| ആകെ | | | | 281599 |

സ.ഉ (എം.എസ് )നമ്പർ.80/2017/ തസ്വഭവ, തീയതി 03-04-2017 ഖണ്ഡിക 12.4 പ്രകാരം മരുന്ന് വാങ്ങുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്.

1) ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയും ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയല്ലാതെയും മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ല.

2) അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാവൂ.

3) കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം തദ്ദേസഭരണ സ്ഥാപനത്തിന് കാരുണ്യ/ നീതി / ജെൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങാവുന്നതാണ്.

എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസർ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകാതെ ഇൻഡന്റിൽ പദ്ധതിക്കാവശ്യമായ മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് നൽകാൻ സാധിക്കില്ല എന്ന് കാണിച്ചുകൊണ്ടുള്ള സാക്ഷ്യപത്രത്തിനടിയിൽ മേലൊപ്പ് വെക്കുക മാത്രമാണ് ചെയ്യുന്നത് ജില്ലാ മെഡിക്കൽ ഓഫീസിന് കീഴിൽ വരുന്ന ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ വകുപ്പിൽ നിന്ന് ലഭ്യമാണോ എന്നുള്ള സാക്ഷ്യപത്രം നൽകേണ്ടതിനു പകരം പദ്ധതിക്കാവശ്യമായ മരുന്ന് നൽകാൻ സാധിക്കില്ല എന്ന് നൽകുന്ന സാക്ഷ്യപത്രം സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/14-11-2018 നൽകിയ മറുപടിയിൽ മുൻവർഷങ്ങളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങിയപ്പോൾ അതാത് സാമ്പത്തിക വർഷം കഴിഞ്ഞിട്ടാണ് മരുന്ന് ലഭ്യമാകുന്നത് എന്നും ഇത് അവശ്യഘട്ടങ്ങളിൽ രോഗികൾക്ക് മരുന്ന് ലഭ്യമാക്കാൻ താമസം നേരിടുന്നുണ്ടെന്ന് 24/07/2017 ൽ ചേർന്ന എച്ച്.എം.സി വിലയിരുത്തുകയും ഡിപ്പാർട്ട്മെന്റ് ഇൻഡെന്റിന് പുറമേയുള്ള മരുന്നുകൾ ലഭ്യമാക്കേണ്ട സാഹചര്യത്തിൽ നീതി സ്റ്റോറിൽ നിന്നോ സഹകരണ സ്റ്റോറിൽ നിന്നോ മരുന്ന് വാങ്ങാൻ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നും എന്നാൽ നീതി സ്റ്റോറിൽ നിന്നും ₹50,000 താഴെയുള്ള മരുന്ന് മാത്രമേ ലഭ്യമാവുകയുള്ളൂ എന്നാൽ പലപ്പോഴായി രേഗികൾക്ക് ആവശ്യമായ മരുന്ന് ₹50,000 മുകളിലാവാറുണ്ടെന്നും ഈ മാർഗരേഖയിൽ എമർജൻസി എന്തെന്ന് വ്യക്തമായി പ്രദിപാദിച്ചിട്ടില്ല എന്നുമാണ് അറിയിച്ചത്. എന്നാൽ മേൽ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ ഭൂരിഭാഗം മരുന്നുകളും ₹50,000 കുറവാണ്. എച്ച്.എം.സി തീരുമാന പ്രകാരം ₹50,000 ക്ക് താഴെയുള്ള മെഡിസിൻ നീതി സ്റ്റോറിൽ നിന്നോ സഹകരണ സ്റ്റോറിൽ നിന്നോ വാങ്ങാനാണ് മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളത്. കൂടാതെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് ലഭിക്കാതിരുന്നാൽ അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം കാരുണ്യ/ നീതി / ജെൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്ന് വാങ്ങാവുന്നതാണ് എന്നാണ് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ ഉത്തരവുകൾക്കും എച്ച്.എം.സി തീരുമാനങ്ങൽക്കും വിരുദ്ധമായി മരുന്നും മറ്റ് ഉപകരണങ്ങളും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈ കോർപ്പറേഷനിൽ നിന്നും വാങ്ങിയത് ശരിയായ നടപടിക്രമമല്ല. കൂടാതെ നീതി സ്റ്റോറിലെയും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈ കോർപ്പറേഷനിലെയും മരുന്നുകളുടെ വില വ്യത്യാസവും വ്യക്തമല്ല. പ്രസ്തുത കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 105000 | പച്ചക്കറി കൂലിച്ചെലവ്65/18 | 105000 | - |
| 2 | ജില്ലാ പഞ്ചായത്ത് | 100000 | സാന്ത്വനപരിപാലനം,59/17-18 | 100000 | |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 700000 | പാലുൽപാദന ബോണസ്,166/17-18 | 698886 | 1114 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 200000 | ഭിന്നശേഷി സ്കോളർഷിപ്പ് 51/18 | 200000 | |
| 6 | ജില്ലാ പഞ്ചായത്ത് | 300000 | പാലുൽപാദന ബോണസ്,166/17-18 | 299733 | 267 |
| 7 | ബ്ലോക്ക്പഞ്ചായത്ത് | 100000 | സാന്ത്വനപരിപാലനം,59/17-18 | 99749 | 251 |
| 8 | ജില്ലാ പഞ്ചായത്ത് | 400000 | കാരകുളം നവീകരണം 171/18 | | 400000 |
| 9 | ജില്ലാ പഞ്ചായത്ത് | 200000 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്,51/17-18 | 200000 | |
| 10 | ജില്ലാ പഞ്ചായത്ത് | 1200000 | ശ്മശാന നിർമ്മാണം,19/17-18 | 1200000 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക | ചെലവ് | പൂർത്തീകരിച്ച വിവരം | ബാക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | വയോജനവിശ്രമകേന്ദ്രം | 191000 | 161044 | | 29956 |
| ജല അതോറിറ്റി | ഗ്രാമോദ്ധാരണ വായനശാല,മൂന്നാംപീടിക | 84759 | 84759 | ഇല്ല | 84759 |
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം (റർബൻ) | 8755800 | 8755800 | ഇല്ല | 8755800 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|
| 1 | മലബാർ ടൂറിസം ഡെവലപ്മെന്റ് കോ-ഓപറേറ്റീവ് സൊസൈറ്റി | 20000 |

| | |
|---|---|
| ആകെ | 20000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം വരവ് വന്ന 10,444 രൂപയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ തുക,ഉദ്യോഗപ്പേര് | രശീതി നമ്പർ,തീയ്യതി |
|---|---|---|---|---|
| 2009-2010 | 3-2 | 735 | മധുസൂദനൻ സി.കെ | 117030103786/21-12-2017 |
| 2009-2010 | 3-2 | 1095 | കെ.എൻ രവീന്ദ്രൻ | 117030103787/21-12-2017 |
| 2009-2010 | 3-2 | 791 | ദിവ്യ | 117030103788/21-12-2017 |
| 2009-2010 | 3-2 | 935 | മനോജ് കുമാർ | 117030103789/21-12-2017 |
| 2009-2010 | 3-2 | 980 | ലതേഷ്ബാബു | 117030103790/21-12-2017 |
| 2009-2010 | 3-2 | 1230 | മുഹമ്മദ് റഫീഖ് | 117030103791/21-12-2017 |
| 2009-2010 | 3-2 | 3278 | ജോബോയ് ജോൺ | 117030104960/31-01-2018 |
| 2009-2010 | 3-2 | 1000 | സെക്രട്ടറി | 117030103793/21-12-2017 |
| ആകെ | | 10044/- | | |

(എ) ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരിച്ചടച്ച തുകയുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് എൻക്വയറി നമ്പ്ര | തുക | ഇനം |
|---|---|---|---|
| 1 | 30/27-11-2018 – അസിസ്റ്റന്റ് എഞ്ചിനിയർ | ₹19,528 ചെലാൻ നമ്പർ- KNR8756198201819M dtd 29-11-2018 | മൂല്യ വർദ്ധിത നികുതി |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(1) | 2016-17 | അധ്യായം 1 അനുബന്ധം 3 | വസ്തുനികുതി അസസ്മെന്റ്,ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയില്ല | പൂർത്തിയാക്കി |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 80671489 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 77930773 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 100000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1328272 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | - | 75000 | ഡോ.ആഷ.കെ.പി, വെറ്ററിനറി സർജൻ |
| 3-8 | | 25000 | ഡോ.ആഷ.കെ.പി, വെറ്ററിനറി സർജൻ |
| ആകെ | | 100000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-11 | 64200 | ശ്രീ.ശ്രീജൻ പാലയാടന്റവിട, വി.ഇ.ഒ |
| 3-12 | 160000 | ശ്രീ.വിപിൻദാസ് . വി, വി.ഇ.ഒ |
| 3-13 | 900000 | ശ്രീമതി.സുശീല .ടി.ജി, ഹെഡ്മിസ്ട്രസ്സ് |
| 3-14 | 24072 | ശ്രീമതി.സുശീല .ടി.ജി, ഹെഡ്മിസ്ട്രസ്സ് |
| 3-15 | 180000 | ശ്രീമതി.സുശീല .ടി.ജി, ഹെഡ്മിസ്ട്രസ്സ് |
| ആകെ | 1328272 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|

| | |
|---|---|
| 3-15 | ₹3,600.00 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ആഷ.കെ.പി, വെറ്ററിനറി സർജൻ | ഡോ.ആഷ.കെ.പി, വെറ്ററിനറി സർജൻ, മാങ്ങാട്ടിടം വെറ്ററിനറി ഡിസ്പെൻസറി | ഐശ്വര്യ, ശങ്കരനെല്ലൂർ പി.ഒ |
| ശ്രീജൻ പാലയാടന്റവിട, വി.ഇ.ഒ | ജി.ഇ.ഒ, കൂത്തുപറമ്പ്, ബ്ലോക്ക് പഞ്ചായത്ത് | പാലയാടന്റവിട ഹൗസ് |
| വിപിൻദാസ് . വി, വി.ഇ.ഒ | വി.ഇ.ഒ, മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് | വി.വി.വില്ല, മാങ്ങാട്ടിടം പി.ഒ |
| സുശീല .ടി.ജി, ഹെഡ്മിസ്ട്രസ്സ് | റിട്ടയേർഡ് | നവനീതം, മാങ്ങാട്ടിടം. പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ /കെ.എൻ.ആർ/സി 8/47/2017 തീയതി. 19-03-2018 | 4 |
| 1999-00 | കെ.എസ്.എ /കെ.എൻ.ആർ/സി 8/47/2017 തീയതി. 19-03-2018 | 6 |
| 2002-03 | കെ.എസ്.എ /കെ.എൻ.ആർ/സി 8/47/2017 തീയതി. 19-03-2018 | 1 |
| 2003-04 | കെ.എസ്.എ /കെ.എൻ.ആർ/സി 8/47/2017 തീയതി. 19-03-2018 | 1 |

| | | |
|---|---|---|
| 2004-05 | കെ.എസ്.എ /കെ.എൻ.ആർ/സി 8/47/2017 തീയതി. 19-03-2018 | 2 |
| 2005-06 | കെ.എസ്.എ /കെ.എൻ.ആർ/സി 8/47/2017 തീയതി. 19-03-2018 | 2 |
| 2006-07 | കെ.എസ്.എ /കെ.എൻ.ആർ/സി 8/47/2017 തീയതി. 19-03-2018 | 5 |
| 2007-08 | കെ.എസ്.എ /കെ.എൻ.ആർ/സി 8/47/2017 തീയതി. 19-03-2018 | 5 |
| 2008-09 | കെ.എസ്.എ /കെ.എൻ.ആർ/സി 8/47/2017 തീയതി. 19-03-2018 | 13 |
| 2009-10, 2010-11, 2011-12 | കെ.എസ്.എ /കെ.എൻ.ആർ/സി 8/47/2017 തീയതി. 19-03-2018 | 20 |
| 2012-13 | കെ.എസ്.എ /കെ.എൻ.ആർ/സി 8/47/2017 തീയതി. 19-03-2018 | 5 |
| 2013-14, 2014-15 | കെ.എസ്.എ /കെ.എൻ.ആർ/സി 8/47/2017 തീയതി. 19-03-2018 | 6 |
| 2015-16 | കെ.എസ്.എ /കെ.എൻ.ആർ/സി 8/47/2017 തീയതി. 19-03-2018 | 11 |
| 2016-17 | കെ.എസ്.എ /കെ.എൻ.ആർ/സി 8/165/2017 തീയതി. 10-05-2018 | 13 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ /കെ.എൻ.ആർ /സി.8/2046/2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ ,

ഫോൺ: 0497 2707698

ഇ-മെയിൽ: doknr.ksad@kerala.gov.in

തീയ്യതി: 16.01.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

# അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF MANGATTIDAM GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 16519827.00<br>76167.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 891540.00 |
| 140000000 | Fees & User Charges | RP-4 | 637632.00 |
| 150000000 | Sale & Hire Charges | RP-5 | 73157.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 59305461.00 |
| 171000000 | Interest Earned | RP-9 | 37436.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 15847022.22 |
| 350000000 | Other Liabilities | RP-36 | 40642.00 |

| | | | |
|---|---|---|---|
| Non Operating | | | |
| 180000000 | Other Income | RP-10 | 13610.00 |
| 310000000 | Panchayat afund | RP-28 | 200.00 |
| 311000000 | Earmarked Funds | RP-29 | 16930.00 |
| 340000000 | Deposits Received | RP-34 | 49713.00 |
| 350000000 | Other Liabilities | RP-36 | 194415.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3542731.00 |
| 460000000 | Loans, Advances and Deposits | RP-47 | 21000.00 |
| Grand Total | | | 97267483.00 |
| Payment | | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2967435.00 |
| 220000000 | Administrative Expenses | RP-12 | 2732371.00 |
| 230000000 | Operations & Maintenance | RP-13 | 1152761.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 7767871.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 9986437.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 2038497.00 |
| 253000000 | Decentralised Plan Programme-Projects not in | RP-18 | 995572.00 |

| | | | |
|---|---|---|---|
| | Sector | | |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 564100.00 |
| 255000000 | Maintance Projects | RP-20 | 13454664.00 |
| 260000000 | Grants ,Cntributions and Compensations from Own Fund | RP-22 | 13442.00 |
| 280000000 | Prior Perid Items | RP-26 | 17021.00 |
| 320000000 | Grants, Funds &Contributions for specific Purposes | RP-31 | 450550.00 |
| 350000000 | Othes Liabilities | RP-36 | 4038622.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 1314.00 |
| 340000000 | Deposits Received | RP-34 | 74500.00 |
| 350000000 | Other Liabilities | RP-36 | 2288147.00 |
| 410000000 | Fixed Assets | RP-38 | 16640267.00 |
| 412000000 | Capital Work in Progress | RP-40 | 2335281.00 |
| 460000000 | Loans, Advances and Deposits | RP-47 | 10411921.00 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 19302808.00<br>33902.00 |

| | | | |
|---|---|---|---|
| Grand Total | | | 97267483.00 |

# അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF MANGATTIDAM GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4556860.00 |
| 140000000 | Fees & User Charges | I-4(b) | 771242.00 |
| 150000000 | Sale & Hire Charges | I-5(b) | 73157.00 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 123979377.00 |
| 171000000 | Interest Earned | I-8 | 37436.00 |
| 180000000 | Other Income | I-9 | 13610.00 |
| A | Total Income | | 129431682.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9264522.00 |
| 220000000 | Administrative Expenses | I-11(b) | 2782131.00 |
| 230000000 | Operations & Maintenance | I-12(b) | 1156609.00 |
| 240000000 | Interest & Finance Charges | I-13 | 1314.00 |
| 250000000 | Decentralised Plan Programme-Productive | I-14 | 10314987.00 |

| | | | |
|---|---|---|---|
| | Sector | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 21402782.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2235034.00 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 995572.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 55597600.00 |
| 255000000 | Maintance Projects | I-14(e) | 13454664.00 |
| 260000000 | Grants,Contributions&Compensations from OwnFund | I-15 | 14456.00 |
| 272000000 | Depreciation | I-17(a) | 9755189.00 |
| B | Total Expenditure | | 126974860.00 |
| C=A-B | Gross Surplus / Defict Income over Expenditure | | 2456822.00 |
| D= 280000000 | Prior Period Item | I-18 | 592896.00 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 1863926.00 |
| | Net Balance being Surplus/Defict carried over to<br>Balance Sheet (Panchayat Fund) | | -- |

## അനുബന്ധം-2-3

# BALANCE SHEET OF MANGATTIDAM GRAMA PANCHAYAT AS ON 31-3-2018

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 19158088.50 |
| 311000000 | Earmarked Funds | B-2 | 38114.00 |
| 312000000 | Reserves | B-3 | 70222816.00 |
| | Total Reserve & Surplus | | 89419018.00 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 5181123.00 |
| | Total Grants,Contribution for specific purposes | | 5181123.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.00 |
| | Total Loans | | 0.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 123178.00 |
| 350000000 | Other Liabilities | B-9 | 784445.50 |
| | Total Current Liabilities and Provisions | | 907623.50 |

| | | | |
|---|---|---|---|
| | TOTAL LIABILITIES | | 95507765.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 94400104.00 |
| 411000000 | Accumulated Depreciation | B-11 | -29137810 |
| 412000000 | Capital Work In Progress | B-11(a) | 1612456.00 |
| | Total Fixed Assets | | |
| | Investments | | |
| 420000000 | Investments | B-12 | 20000.00 |
| | Total investments | | |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 128342.00 |
| 19336710 | Cash and Bank balance | B-17 | 19336710.00 |
| 460000000 | Loans, Advances and Deposits | B-18 | 9147963.00 |
| | Total Current Assets,Loans and Advances | | 28613015.00 |
| | TOTAL ASSETS | | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.